I ഇ.ബി. XII-കേരള നിയമസഭ /IV-10

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 15, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

ഗൂഡ്രിക്കൽ ഫോറസ്റ്റ് റേഞ്ച് ഓഫീസിനു നേരെ ഉണ്ടായ ആക്രമണം

മി. സ്പീക്കർ 14-3-2007-ന് സി.പി.എം. ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിൽ മൂന്ന് എൽ.ഡി.എഫ്. ഗ്രാമ പഞ്ചായത്ത് അംഗങ്ങളുൾപ്പെടെയുള്ളവർ ഗൂഡ്രിക്കൽ ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ തള്ളിക്കയറി ഫോറസ്റ്റ് ഗാർഡിനെ മർദ്ദിക്കുകയും ഓഫീസ് ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ., കെ. കെ. ഷാജു എന്നിവർ റൂൾ 50 അനുസരിച്ച് . നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 10-3-2007–ൽ ഫോറസ്റ്റ് ഗാർഡ് ശ്രീ. വി.ജി. സജികുമാർ പച്ചക്കാനം

ഫോറസ്റ്റ് സ്റ്റേഷന്റെ ചെക്ക് പോസ്റ്റിൽ വച്ച് അപമര്യാദയായി പെരുമാറുകയും മർദ്ദിക്കുകയും ചെയ്തു എന്നാരോപിച്ച് സീതത്തോട് പഞ്ചായത്ത് മെമ്പർ ശ്രീ. നന്ദകുമാർ റേഞ്ച് ഓഫീസർക്ക് പരാതി നൽകുകയുണ്ടായി. ഇതിനെക്കുറിച്ച് അന്വേഷിച്ച് പ്രശ്നം രമ്യമായി പരിഹരിക്കണമെന്ന് ശ്രീ. നന്ദകുമാറും ശ്രീ. ജേക്കബ് വളയംപള്ളിയും ശ്രീ. സുഭാഷും മറ്റും അഭ്യർത്ഥിച്ചതനുസരിച്ച് 14-3-2007-ന് ഉച്ചയ്ക്കുശേഷം ബന്ധപ്പെട്ട എല്ലാവരേയും ആങ്ങമൂഴിയിലേയ്ക്ക് റേഞ്ച് ഓഫീസർ വിളിപ്പിച്ചിരുന്നു. ഫോറസ്റ്റ് ഗാർഡ് ശ്രീ. സജികുമാറിൽനിന്ന് വിവരം ശേഖരിച്ചുകൊണ്ടിരിക്കേ ഏതാണ്ട് 5 മണിയോടുകൂടി ശ്രീ.നന്ദകുമാർ, ശ്രീ. ജേക്കബ് വളയംപള്ളി, ശ്രീ. സുഭാഷ് എന്നിവർ സീതത്തോട് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിലും ആയുധധാരികളായ ഒരു സംഘം ആളുകൾ മറ്റൊരു വാഹനത്തിലും വന്ന് റേഞ്ച് ഓഫീസിലേയ്ക്ക് തള്ളിക്കയറുകയും വനപാലകനെ ക്രൂരമായി മർദ്ദിക്കുകയും ഓഫീസ് ഉപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. ഈ സംഭവത്തെപ്പറ്റി റേഞ്ച് ഓഫീസർ മൂഴിയാർ പോലീസ്സ്റ്റേഷനിൽ നൽകിയ പരാതിയെത്തുടർന്ന് പോലീസ് സംഘം സ്ഥലത്തെത്തി തുടർനടപടികളാരംഭിച്ചു. കോന്നിയിലുള്ള ഫോറസ്റ്റ്ദ്രുതകർമ്മസന അവിടെ ക്യാമ്പുചെയ്യുന്നുണ്ട്. കൂടാതെ ആവശ്യത്തിന് പോലീസും ഉണ്ട്. ഈ സംഭ വത്തിനെതിരെ പോലീസ് ശക്തമായ നിലപാട് സ്വീകരിക്കുകയും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവണ്മെന്റ് മുഖം നോക്കാതെ

നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർക്കാർ ഓഫീസിൽ കയറി ഡ്യൂട്ടി സമയത്ത് ആദിവാസിയായ ഫോറസ്റ്റ് ഗാർഡിനെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ നിസ്സാരമായ രണ്ട് വകുപ്പുകൾ മാത്രം ചേർത്താണ് കേസ് ചാർജ്ജ് ചെയ്തിട്ടുള്ളത്. ശ്രീ. നന്ദകുമാർ ഉൾപ്പെടെയുള്ളവർ പച്ചക്കാനത്തേയ്ക്ക് പോയ വാഹനം മടങ്ങി വന്നപ്പോൾ പരിശോധന നടത്തിയതിനെത്തുടർന്ന് വാക്കുതർക്കമുണ്ടാവുകയും ഡി.എഫ്.ഒ.യ്ക്ക് പരാതി നൽകുകയും ചെയ്തു. ഡി.എഫ്.ഒ.യുടെ നിർദ്ദേശപ്രകാരം ഫോറസ്റ്റ് ഗാർഡ് റേഞ്ച് ഓഫീസിൽ എത്തി മൊഴി നൽകിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഡിപ്പാർട്ടുമെന്റിന്റെ ബോർഡ് വച്ച വാഹനത്തിൽ പ്രസ്തുത നേതാക്കൻമാരും തൊട്ടു പിന്നാലെ മറ്റൊരു വാഹനത്തിൽ ആയുധധാരികളായ ഒരു സംഘം ആളുകളും എത്തി ഡ്യൂട്ടിയിലായിരുന്ന വനപാലകനെ മർദ്ദിച്ചത്. ജീവന് സംരക്ഷണം വേണമെന്നാവശ്യപ്പെട്ട് വനപാലകർ ഇന്ന് വൈകുന്നേരം പ്രതിഷേധ പ്രകടനം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നിലപാട് വ്യക്തമാക്കണം; ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. ബിനോയ് വിശ്വം: ഈ സംഭവത്തിൽ പ്രതികളുടെ മുഖം നോക്കാതെയും പാർട്ടി ബന്ധങ്ങൾ ബാധകമാക്കാതെയുമാണ് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ എട്ട് വകുപ്പുകൾ പ്രകാരം കേസ്സെടുത്തിട്ടുള്ളത്. ഈ ഗവൺമെന്റിന് വ്യക്തമായ നയമുണ്ട്. വനം പരിരക്ഷിക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നുണ്ട്. എല്ലാ ഉദ്യോഗസ്ഥർക്കും

ആവശ്യമായ പരിരക്ഷ നൽകുന്നതോടൊപ്പം ക്രമസമാധാനവും നിർബന്ധമായും പാലിക്കപ്പെടുന്നതാണ്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉന്നയിക്കപ്പെട്ട വാദഗതി അർത്ഥശൂന്യവും നിരർത്ഥകവുമാണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. ജി. കാർത്തികേയൻ: ഇത്രയും ഗുരുതരമായ പ്രശ്നം ഉണ്ടായപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഇടപെടൽ ഉണ്ടാകേണ്ടതായിരുന്നു. ആദിവാസി ഉദ്യോഗസ്ഥനെ ആക്രമിച്ച സംഭവത്തിൽ ആരെയും അറസ്റ്റ് ചെയ്തതായി പറഞ്ഞിട്ടില്ല. ഇവിടെ പറഞ്ഞ മറുപടി തൃപ്തികരമല്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): നിർഭാഗ്യകരമായ ഈ സംഭവം നടന്നതിനെത്തുടർന്ന് കുറ്റവാളികൾക്കെതിരെ ആവശ്യമായ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവത്തിനുത്തര വാദികളായ ആളുകളുടെ പേരിൽ സർക്കാർ കർശനമായ നടപടി സ്വീകരിക്കുന്നതാണ്..

## ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി.എഫ്. തോമസ് : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, താഴെത്തട്ടിലുള്ള ആളുകളുടെ പ്രധാന പ്രശ്നങ്ങളാണ്

ആരോഗ്യസംരക്ഷണവും വിദ്യാഭ്യാസവും. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുജനാരോഗ്യത്തെക്കുറിച്ച് പറയുന്ന കാര്യങ്ങളിൽ 90 ശതമാനവും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോഗ്രാമിനെക്കുറിച്ചുള്ളവയാണ്. 3 കോടി 18 ലക്ഷം ജനങ്ങളുള്ള കേരളത്തിൽ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് ആശുപത്രിവരെയുള്ള മൊത്തം ആശുപത്രികളുടെ bed strength 50,515 മാത്രമാണ്. പ്രൈവറ്റ് ഹോസ്പിറ്റലിൽ പോകാൻ സാധിക്കുന്ന തരത്തിൽ സാമ്പത്തിക ശേഷിയുള്ളവർ ആകെ ജനസംഖ്യയുടെ 10 ശതമാനം മാത്രമാണുള്ളത്. ശേഷിക്കുന്ന 90 ശതമാനവും ഗവൺമെന്റ് ആശുപത്രിയെ അഭയം പ്രാപിക്കുന്നവരാണ്. ഗവൺമെന്റ് ആശുപത്രികളുടെ സ്ഥിതി ദയനീയമാണ്. താലുക്ക് ആശുപത്രികളിൽ bed strength ആവശ്യത്തിനില്ല. എക്സ്റേ മെഷീനുകൾ കേടാണ്. ഒരു താലൂക്കാശുപത്രിയിൽ ഒരു റേഡിയോഗ്രാഫറാണ് ഉള്ളത്. പല ആശുപത്രികളിലും വർഷത്തിൽ 200 ദിവസം മാത്രമേ റേഡിയോഗ്രാഫറുടെ സേവനം കിട്ടുന്നുള്ളു. മിക്ക ഗവൺമെന്റ് ആശുപത്രികളിലും ലാബ് ടെസ്റ്റിന് രോഗികൾക്ക് വെളിയിൽ പോകണം. ബ്ലഡ് ബാങ്കിന്റെ സൗകര്യം താലൂക്കാശുപത്രികളിൽ ഏർപ്പെടുത്തേണ്ടതാണ്. താലൂക്കാശുപത്രി.യിൽ വരുന്ന ഒട്ടുമിക്ക കേസ്സുകളും സ്പെഷ്യാലിറ്റി കേഡറും ബ്ലഡ് ആവശ്യത്തിന് സ്റ്റോർ ചെയ്യാനുള്ള സൗകര്യവും ഇല്ലാത്തതുമൂലം മെഡിക്കൽ കോളേജിലേയ്ക്ക് വിടുന്നു. സർക്കാർ ആശുപത്രികൾക്കുവേണ്ടി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 12 കോടി രൂപ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിൽ ഇപ്രാവശ്യം 4

കോടി 10 ലക്ഷം രൂപ മാത്രമാണ്. വകയിരുത്തിയിരിക്കുന്നത്. മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ് പോലും പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല. സാധാരണക്കാർക്കുവേണ്ടി ഇതെല്ലാം നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സർക്കാർ ആശുപത്രികളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ കേരളത്തിലെ ദരിദ്രകുടുംബങ്ങളിൽപ്പെട്ടവർക്ക് ആശ്വാസമേകും. അതിനാവശ്യമായ സാമ്പത്തികം കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ റൂറൽ ഹെൽത്ത് മിഷനിലൂടെ ലഭിക്കുന്നു. എല്ലാ ആശുപത്രികൾക്കും പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും സബ് സെന്ററുകൾക്കും അവയുടെ വികസനത്തിന് ആവശ്യമായ ഫണ്ട് നൽകിയിട്ടുണ്ട്. കേരളത്തിലെ 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് 20 ലക്ഷം രൂപ നൽകുന്നതിന് ഉത്തരവായിക്കഴിഞ്ഞു. സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള സുനാമി ഫണ്ട് ഉപയോഗിച്ച് തീരപ്രദേശത്തെ ആശുപത്രികളുടെ ശോച്യാവസ്ഥ മാറ്റിയെടുക്കാൻ കഴിയും. കേരളത്തിലെ 5 മെഡിക്കൽ കോളേജുകളുടേയും വികസനത്തിനായി നബാർഡ് മുഖേന കേന്ദ്രഗവൺമെന്റിൽനിന്നും ഫണ്ട് ലഭിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് സി.ടി. സ്കാനറും മറ്റ് എക്യുപ്മെന്റ്സും വാങ്ങാൻ ഭരണാനുമതി നൽകിയിട്ടുള്ളത്. കേരളത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ഏറ്റവും നല്ല മാതൃകാ ആശുപത്രികളാക്കി മാറ്റും. കഴിഞ്ഞ 10 മാസംകൊണ്ട്

1600 നഴ്സുമാരെ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ സാംഗ്ഷൻഡ് പോസ്റ്റിൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ട് ഉപയോഗിച്ച് എട്ട് മണിക്കൂർ ജോലി സമയം കണക്കാക്കി 4 ബെഡിന് ഒന്ന് എന്ന നിലയിൽ 960 നഴ്സുമാരെ ഏപ്രിൽ ഒന്ന് മുതൽ നിയമിക്കാൻ പോവുകയാണ്.

(2) വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിനാവശ്യമായ നടപടികൾ

ശ്രീ. എം. ഹംസ: സംസ്ഥാനത്ത് ഈ വർഷം അനുഭവപ്പെടാൻ സാധ്യതയുള്ള വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള 1855 കുടിവെള്ള പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കാനുള്ള മാനേജു മെന്റ് സംവിധാനം ആവശ്യമാണ്. സംസ്ഥാനത്തെ എല്ലാ ഓൺഗോയിംഗ് പദ്ധതികളും കാര്യക്ഷമമായി പൂർത്തിയാക്കി കേരളത്തിന്റെ ജലക്ഷാമം പരിഹരിക്കാനാവശ്യമായ ശ്രമങ്ങളുണ്ടാകണം. പഞ്ചായത്തുകളുടെ സഹായ ത്തോടുകൂടി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ സ്പെഷ്യൽ ഫണ്ട് നൽകാനുള്ള തീരുമാനമെടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലാവസ്ഥ പ്രവചനം സംബന്ധിച്ച് ശാസ്ത്രജ്ഞർ നടത്തിയ ആധികാരിക പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ വലിയ വരൾച്ച ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാർ വളരെ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമാകുമെന്ന കാര്യം മുന്നിൽകണ്ടുകൊണ്ട് ജനങ്ങൾ അനുഭവി ക്കാനിടയുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വരൾച്ച നേരിടാനാവശ്യ മായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും അയയ്ക്കുകയും

അതിനുവേണ്ടി 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്നും ഭരണാനുമതി വാങ്ങിയതിനുശേഷമേ പുതിയ പദ്ധതികൾ ഏറ്റെടുക്കാവൂ എന്ന നിബന്ധന കാലതാമസം ഉണ്ടാക്കു മെന്നുള്ളതുകൊണ്ട് ഭരണാനുമതി നൽകാനുള്ള അധികാരം അതാത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലയിലും മണ്ഡലാടിസ്ഥാനത്തിൽ യോഗങ്ങൾ ചേർന്നുകൊണ്ടിരിക്കുക യാണ്. ഉപയോഗയോഗ്യമല്ലാത്ത പൊതു കിണറുകൾ, കുഴൽക്കിണറുകൾ, കുളങ്ങൾ എന്നിവ നന്നാക്കാനും വൃത്തിയാക്കാനും പൊതു കുളങ്ങളിലെ ചെളി മാറ്റാനും പൈപ്പ് ലൈൻ നീട്ടിക്കൊടുക്കാനും കുടിവെള്ളം പാഴാക്കു ന്നത് തടയാനും അനധികൃതമായി പൈപ്പുകളിൽ നിന്ന് കുടിവെള്ളമെടുക്കു ന്നത് തടയാനും നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ സ്ഥിതി ചർച്ച ചെയ്യാൻ അടുത്ത ആഴ്ച എം.എൽ.എ.മാരുടെ യോഗം വിളിച്ചിട്ടുണ്ട്. അതാതു ജില്ലകളിലെ മന്ത്രിമാർക്ക് ഇടയ്ക്കിടയ്ക്ക് റിവ്യൂ നടത്താനുള്ള ചുമതല നൽകുന്നത് സംബന്ധിച്ച് അടുത്ത മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ഗവർണ്ണറുടെ സന്ദേശം

2007 മാർച്ച് 7-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

കർഷക കടാശ്വാസ കമ്മീഷൻ രൂപീകരണം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 2006-ലെ കർഷക കടാശ്വാസ കമ്മീഷൻ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനെ നിയമിച്ച വിവരം സഭയെ അറിയിച്ചുകൊള്ളുന്നു. 5 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഈ കമ്മീഷനിൽ റിട്ടയേർഡ് ജഡ്ജി ശ്രീ. കെ.എ. അബ്ദുൾ ഗഫൂർ അദ്ധ്യക്ഷനും ശ്രീ എം.കെ. ഭാസ്കരൻ, ശ്രീ. സത്യൻ മൊകേരി, പ്രൊഫ. എൻ. ചന്ദ്രശേഖരൻ നായർ, പ്രൊഫ. എം.കെ. ജേക്കബ് എന്നിവർ അംഗങ്ങളുമായിരിക്കും.

## സബ്മിഷൻ

(1) എസ്.എസ്.എൽ.സി. അറബിക് ചോദ്യപ്പേപ്പറിലെ തലക്കെട്ട് തെറ്റിയതു സംബന്ധിച്ച്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഇന്നലെ നടന്ന എസ്.എസ്. എൽ.സി. പരീക്ഷയുടെ അറബിക് ചോദ്യപ്പേപ്പറിന്റെ തലക്കെട്ട് തെറ്റിച്ച് അച്ചടിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ചോദ്യപ്പേപ്പർ തെറ്റായി വിതരണം ചെയ്തിരിക്കുന്നു എന്ന് ദൃശ്യമാധ്യമങ്ങളിലും മറ്റും വന്ന വാർത്ത ശരിയല്ല. ഇന്നലെ വിതരണം ചെയ്ത ചോദ്യപ്പേപ്പർ ഇന്നലത്തെ വിഷയം തന്നെയാണ്. പഴയ സ്കീം പ്രകാരമുള്ള 704-ാം നമ്പർ ചോദ്യപ്പേപ്പർ ഇന്നലെ പൊട്ടിച്ച് വിതരണം ചെയ്യേണ്ടതുതന്നെയാണ്. അതിൽ First Language, Part- I എന്ന തലക്കെട്ട് അടിക്കേണ്ട സ്ഥാനത്ത് Part- II എന്ന് തെറ്റായി അച്ചടിച്ചു വന്നു. ഏറ്റവും

കൂടുതൽ കുട്ടികൾ അറബിക് പരീക്ഷ എഴുതുന്ന ജില്ലയാണ് മലപ്പുറം. അവിടെ ഒരു ആശയക്കുഴപ്പവും ഉണ്ടായിട്ടില്ല. ഈ പിശകിനുത്തരവാദി കളാരാണെന്ന് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. പാനൂരിലുള്ള രണ്ട് സ്കൂളുകളിലായി 12 വിദ്യാർത്ഥികൾക്കാണ് ഈ ആശയക്കുഴപ്പമുണ്ടായത്. ഇതു തിരുത്താൻ വിദ്യാഭ്യാസ വകുപ്പ് മൂന്ന് തലങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. അറബിക് ഭാഷാ വിദഗ്ദ്ധരെ വിളിച്ച് ചോദ്യപ്പേപ്പർ മുഴുവൻ പരിശോധിപ്പിച്ചു. പ്രസ്സിൽ വിളിച്ച് അന്വേഷിച്ചപ്പോൾ അവരുടെ തെറ്റാണെന്ന് സമ്മതിച്ചിട്ടുണ്ട്. മറ്റാർക്കെങ്കിലും ഇതിൽ ഉത്തരവാദിത്വമുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. പ്രസ്സിന്റെ തകരാറാണെങ്കിൽ കരാർ അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോഴത്തെ പരീക്ഷാ നടത്തിപ്പു സംപ്രദായം അനുസരിച്ച്, ചോദ്യങ്ങൾ അച്ചടിച്ച് കവറിലാക്കി ഒട്ടിച്ച് കേരളത്തിലെ റിസർവ്വ് ബാങ്ക് അംഗീകരിച്ച പ്രസ്സിൽ കൊടുത്തുകഴിഞ്ഞാൽ പിന്നെ പരീക്ഷ നടക്കുന്ന സമയത്ത് ക്ളാസ്സിൽ വച്ചല്ലാതെ അത് പൊട്ടിക്കാൻ വിദ്യാഭ്യാസ വകുപ്പിലെ ആർക്കും അവകാശമില്ല. ഈ പ്രാവശ്യം ചോദ്യപേപ്പർ ചോർന്നിട്ടില്ല. തലക്കെട്ടിൽ വന്ന പിശകുമാത്രമേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് പ്രയാസം അനുഭവപ്പെട്ട വിദ്യാർത്ഥികൾക്ക് അതാതു പരീക്ഷാ കേന്ദ്രങ്ങളിൽ എഴുതിക്കൊടുത്താൽ അതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>തിരൂർ ഫയർസ്റ്റേഷന്റെ ശോച്യാവസ്ഥ</u>

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: തിരൂർ ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തിരൂരിലെ ഫയർസ്റ്റേഷൻ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഫയർസ്റ്റേഷന്റെ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിൽനിന്നും ഭൂമി ലഭിച്ചിട്ടുണ്ട്. ഇവിടെ ഫയർസ്റ്റേഷൻ കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതംകൂടി പരിശോധിച്ച് അടിയന്തിരമായി തിരൂരിൽ ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(3) കരമന മുതൽ അമരവിള വരെയുള്ള നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കൽ

ശ്രീ. വി.ജെ. തങ്കപ്പൻ : കരമന മുതൽ അമരവിള വരെയുള്ള നാഷണൽ ഹൈവേ 4 വരിപ്പാതയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): തലസ്ഥാന നഗരിയിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 47 നാലുവരിപ്പാതയാക്കുന്നതിന് ആവശ്യമായ സ്ഥലമെടുപ്പ് വളരെ ചെലവേറിയതാണ്. 44 കിലോമീറ്റർ ദൂരം വരുന്ന പ്രസ്തുത ബൈപ്പാസിന് 25 കിലോമീറ്റർ സ്ഥലമെടുപ്പും കഴക്കൂട്ടം മുതൽ കോവളം വരെ 22 കിലോമീറ്റർ 2 വരി പാതയുടെ നിർമ്മാണവും പൂർത്തീകരിച്ചു. എൻ.എച്ച്. 47-ന്റെ കരമന മുതൽ അമരവിള വരെ നാലുവരിപ്പാതയാക്കുന്നതിന് ആവശ്യമായ സ്ഥലമെടുപ്പിന് ഏകദേശം 200 കോടി രൂപയും നിർമ്മാണത്തിന് ഏകദേശം 80 കോടി രൂപയും വേണ്ടിവരും. ഇതിന് കേന്ദ്ര ഗവണ്മെന്റിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

## (4) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണപൂർത്തീകരണം.

ശ്രീ. ജി. കാർത്തികേയൻ: മൂന്ന് വർഷങ്ങൾക്കു മുൻപ് നിർമ്മാണ പ്രവർത്തനം ആരംഭിച്ച നെടുമങ്ങാട്-പൊന്മുടി കെ.എസ്.ടി.പി. റോഡിന് 11.81 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി അവിടെ പണി നടക്കുന്നില്ല, സഞ്ചാരയോഗ്യമല്ലാത്തവിധം റോഡ് പൊളിച്ചിട്ടിരിക്കുകയാണ്. നെയ്യാറ്റിൻകര, നേമം, ആര്യനാട് നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന, സി.ആർ.എഫ്-ൽപ്പെടുത്തി വർഷങ്ങൾക്കുമുമ്പ് പ്രവർത്തനമാരംഭിച്ച റോഡും എർത്ത് വർക്ക് മാത്രം നടത്തി സഞ്ചാരയോഗ്യമല്ലാതാവുകയും വാഹനാപകടങ്ങൾ പെരുകുകയും ചെയ്യുന്നു; ഇതിന് പരിഹാരമുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): 25 കിലോമീറ്റർ നീളം വരുന്ന കരമന, പൂജപ്പുര, മലയിൻകീഴ്, കാട്ടാക്കട, മണ്ഡപത്തിൻകടവ് റോഡ് 5.5. കിലോമീറ്റർ വീതിയിൽ പുനരുദ്ധരിക്കുന്നതിന് റോഡ് സേഫ്ടി ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുകയും പ്രസ്തുത റോഡ് 7 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിന് മണ്ഡപത്തിൻകടവ്, കാട്ടാക്കട നിവാസികൾ സ്ഥലം നൽകാൻ തയ്യാറാണെന്ന് പറയുകയും ചെയ്ത സാഹചര്യത്തിൽ വീതി കൂട്ടി റോഡ് നിർമ്മിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രം അനുവദിച്ചതിൽ 10 ശതമാനത്തിൽ കൂടുതൽ വരുന്ന തുക സ്റ്റേറ്റ് ഗവണ്മെന്റ് എടുക്കേണ്ടിവരുന്നതുകൊണ്ട് ഈ എമൗണ്ട് എസ്റ്റിമേറ്റ് തുകയിൽ നിർത്തി പൂർത്തീകരിക്കുവാൻ ചീഫ്

എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഓട, കലുങ്ക് എന്നിവയുടെ 80 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. ടാറിംഗ് അടുത്തയാഴ്ച ആരംഭിക്കുന്നതാണ്. കെ.എസ്.ടി.പി.യിൽപ്പെട്ട തിരുവനന്തപുരം-പൊന്മുടി റോഡിന്റെ കരാറിന്റെ കാലാവധി 21 മാസമായിരുന്നു. കരാറുകാരന്റെ അനാസ്ഥകാരണം തുടക്കംമുതൽ പണിയുടെ പുരോഗതി മന്ദഗതിയിലായിരുന്നു. പണിയിൽ കാര്യമായ പുരോഗതിയില്ലാത്തതുകൊണ്ട് കരാർ റദ്ദ് ചെയ്യുമെന്നു കാണിച്ച് കരാറുകാരന് നോട്ടീസ് കൊടുത്തതനുസരിച്ച് വീണ്ടും കരാറുകാരൻ അപേക്ഷിക്കുകയും 6 മാസത്തിനും 9 മാസത്തിനുമിടയ്ക്ക് പണി പൂർത്തീകരിക്കാൻ അവസരം നൽകുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(5) <u>തഴുത്തല കശുവണ്ടി ഫാക്ടറി കെട്ടിടത്തിന്റെ ലേലം</u>

<u>ശ്രീ. എ. എ. അസീസ്</u>: കൊല്ലം തഴുത്തല എൻ. സുന്ദരേശൻ വക കാഷ്യൂ ഫാക്ടറി കഴിഞ്ഞ 5 വർഷമായി അടഞ്ഞുകിടക്കുകയായിരുന്നു. 450 തൊഴിലാളികൾ പണിയെടുത്തിരുന്ന ഫാക്ടറിയിലെ തൊഴിലാളികളുടെ സേവന - വേതന വ്യവസ്ഥകൾക്ക് യാതൊരു ഉറപ്പുമില്ലാത്തനിലയിൽ, ബാങ്കുകളുടെ കടബാധ്യത എന്ന പേരിൽ ആ ഫാക്ടറിയും പുരയിടവും റവന്യൂ ഡിപ്പാർട്ടുമെന്റ് ലേലം ചെയ്തു. അവിടത്തെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി റിയൽ എസ്റ്റേറ്റാക്കാനുള്ള ശ്രമത്തെ ചെറുത്ത് പരാജയപ്പെടുത്തിക്കൊണ്ട് അവിടത്തെ തൊഴിലാളികൾ സമരം

നടത്തുകയാണ്. ലേലനടപടികൾ നിറുത്തിവയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ ): എൻ. സുന്ദരേശൻ, കാഷ്യൂ എക്സ്പോർട്ടർ (കൊല്ലം) വിൽപ്പന നികുതി കുടിശ്ശികയിൽ പലിശയും കളക്ഷൻ ചാർജ്ജും ഉൾപ്പെടെ 1,05,35,958 രൂപ സർക്കാരിന് അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് നടപടിക്രമങ്ങളുണ്ടായത്. ബാങ്കുകൾ റവന്യൂ റിക്കവറി നടപടിക്രമങ്ങളനുസരിച്ചാണ് നടപടികൾ സ്വീകരിച്ചിരിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ച് ക്ലെയിമുകൾ ലഭിക്കുന്നപക്ഷം റവന്യൂ റിക്കവറി നിയമമനുസരിച്ച് കുടിശ്ശികക്കാരനിൽനിന്ന് ഈടാക്കാവുന്നതാണ്. തൊഴിലാളികളുടെ പി.എഫ്., ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അടുത്തയാഴ്ച ബന്ധപ്പെട്ടവരുടെ കോൺഫറൻസ് വിളിക്കാം. തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണവും സഹായവും ചെയ്യുന്നതാണ്.

### (6) സഹകരണ ജനാധിപത്യവേദി സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന ധർണ്ണ

ശ്രീ. എം. മുരളി: സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് സഹകരണ ജനാധിപത്യ വേദിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണ നടത്തുകയാണ്. സർപ്ലസ് ഫണ്ട് എന്നുപറഞ്ഞ് സഹകരണ

സ്ഥാപനങ്ങളിൽനിന്ന് എൽ.ഡി.എഫ് ഗവണ്മെന്റിന്റെ കാലത്ത് നിർബന്ധമായും നടത്തിയ ട്രഷറി നിക്ഷേപങ്ങൾ ഇതുവരെ തിരിച്ചു നൽകിയിട്ടില്ലെന്നു മാത്രമല്ല, ട്രഷറിയിൽ പുനർനിക്ഷേപിക്കാൻ ഗവണ്മെന്റ് ഉത്തരവ് നൽകിയിരിക്കുകയുമാണ്. 600 കോടി രൂപ ലക്ഷ്യമിട്ട നിക്ഷേപ സമാഹരണത്തിൽ 12 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. നിക്ഷേപകർ നിക്ഷേപം പിൻവലിച്ചുകൊണ്ടിരിക്കുന്നു. 650 കോടി രൂപ നബാർഡിന്റെ കാർഷിക ലോൺ ഉണ്ടെങ്കിലും 124 കോടി രൂപ മാത്രമാണ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇതുവരെ വിതരണം ചെയ്തത്. രാഷ്ട്രീയ കാരണങ്ങൾ പറഞ്ഞ് സഹകരണ നിയമത്തിലെ 65, 66 വകുപ്പുകൾ പ്രകാരം എൻക്വയറി റിപ്പോർട്ട് വച്ചുകൊണ്ട് പല സ്ഥാപനങ്ങളിലേയും ഭരണസമിതികൾ പിരിച്ചുവിടപ്പെട്ടിരിക്കുകയാണ്. ഈ നടപടി അവസാനിപ്പിച്ച് സഹകരണമേഖലയെ സംശുദ്ധമാക്കാനും വിശ്വാസ്യത വീണ്ടെടുക്കാനുമുള്ള നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഗവണ്മെന്റ് ഉത്തരവനുസരിച്ച് സഹകരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ച തുക തിരികെ നൽകിത്തുടങ്ങിയിട്ടുണ്ട്. മുതലും പലിശയടക്കം 710 കോടി രൂപയായിരുന്നു തിരികെ നൽകാനുണ്ടായിരുന്നത്. ബാക്കി അവർക്ക് ലാഭകരമായതുകൊണ്ട് അവരുടെ സ്വയസമ്മതപ്രകാരം ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. 2006-2007 സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ ഇതുവരെ അഞ്ചര ശതമാനം പലിശ നിരക്കിലായിരുന്നു വായ്പ വിതരണം ചെയ്തത്. ഇപ്രകാരം വായ്പ

വിതരണം ചെയ്യാത്ത സംഘങ്ങളുടെ പേരിൽ കർശന നടപടികളെടുക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്. സഹകരണ കൊള്ളക്കാരേയും നിസ്സഹകരണക്കാരേയും നേരിടുന്നതിന് ശക്തമായ നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുപോകും. വയനാട്, പത്തനംതിട്ട ജില്ലാ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്ററെ വയ്ക്കേണ്ടിവന്നത് ക്വാറമില്ലാത്തതുകൊണ്ടാണ്. 'സഹകരണ നിക്ഷേപം കേരളീയം' വഴി 1260 കോടി 80 ലക്ഷം രൂപ നിക്ഷേപിക്കാൻ കഴിഞ്ഞു. ഇതുവരെ 1600 കോടി രൂപ കാർഷിക വായ്പയായി കൊടുത്തിട്ടുണ്ട്.

(7) മെട്രോ റെയിൽ പദ്ധതി നിർമ്മാണം

പ്രൊഫ. കെ. വി. തോമസ്: കൊച്ചിയിൽ കുറേ വർഷങ്ങളായി മാസ്സ് റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം വേണമെന്ന ആവശ്യം ഉന്നയിക്കുകയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ചർച്ച ആരംഭിച്ച സ്കൈ ബസ്, മെട്രോ റെയിൽവേ എന്നിവയുടെ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൊച്ചിൻ അന്താരാഷ്ട്ര എയർപോർട്ടിന്റേയോ ജിഡയുടേയോ സംവിധാനത്തിൽ മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്മിറ്റിയുണ്ടാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കൊച്ചിയിലെ ഗതാഗതപ്രശ്നത്തിന് മെട്രോ റെയിൽവേപോലുള്ള പദ്ധതിയിലൂടെ മാത്രമേ പരിഹാരം കാണാൻ കഴിയുകയുള്ളൂ. കൊച്ചിയിൽ മാസ്സ് റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ നിയോഗിച്ച ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച 25.23 കിലോമീറ്റർ നീളമുള്ള

ഒരു എലിവേറ്റഡ് ലൈറ്റ് മെട്രോ റെയിൽ പ്രോജക്ട് സംവിധാനം കൊച്ചിയിൽ ഏർപ്പെടുത്തണമെന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന ഗവണ്മെന്റ് തത്വത്തിൽ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കൊച്ചിയിൽ 'സ്പെഷ്യൽ സെൽ ഫോർ കൊച്ചി മെട്രോ' എന്ന പേരിൽ ഓഫീസ് ആരംഭിക്കാനും ദക്ഷിണ റെയിൽവേയിൽ നിന്നും വിരമിച്ച ഒരു അഡീഷണൽ ജനറൽ മാനേജരെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആയി നിയമിക്കാനും തീരുമാനിച്ചു. ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു.

(8) <u>മുണ്ടയാട് സ്പോർട്ട്സ് കോംപ്ളക്സിന്റെ വികസനം</u>

<u>ശ്രീ. കെ. സുധാകരൻ</u>: ഉത്തരമലബാറിലെ കായിക താരങ്ങളുടെ പ്രതീക്ഷയായ മുണ്ടയാട് സ്പോർട്ട്സ് കോംപ്ളക്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): കണ്ണൂർ ജില്ലയിൽ എളയാവൂർ വില്ലേജിൽ മുണ്ടയാട് എന്ന സ്ഥലത്ത് സ്റ്റേറ്റ് ലെവൽ സ്പോർട്ട്സ് കോംപ്ളക്സ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 16.20 ഏക്കർ സ്ഥലം സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ് വകുപ്പിന് കൈമാറുന്നതിന് 14.6.2005-ൽ ഉത്തരവായി. മൃഗസംരക്ഷണ വകുപ്പിൽനിന്നും സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സിന് വിട്ടുകൊടുക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ ബന്ധപ്പെട്ട വകുപ്പിന്റെ ചെലവിൽ പകരം കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുന്നതിനും രണ്ട് സ്ഥല

ങ്ങളെയും വേർതിരിച്ച് ചുറ്റുമതിൽ നിർമ്മിച്ച് നൽകുന്നതിനുമുള്ള നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ഈ നിബന്ധനകൾ പാലിക്കപ്പെടാത്തതുകൊണ്ട് ഭൂമി കൈമാറ്റം നടന്നില്ല. സ്പോർട്ട്സ് കോംപ്ളക്സിന് അനുവദിച്ച സ്ഥലത്ത് 13.25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കോമ്പൗണ്ടുവാൾ നിർമ്മിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ട്.

(9) വെറ്ററിനറി സർവ്വകലാശാല

ശ്രീ. പി. കൃഷ്ണപ്രസാദ്: കേരളത്തിൽ ഒരു വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുക എന്നത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. 32 ലക്ഷം കർഷകരാണ് കേരളത്തിൽ മൃഗപരിപാലന രംഗത്തുള്ളത്. 518 കോടി രൂപയുടെ മാംസമാണ് ഒരുവർഷം മലയാളികൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്നത്. ഇതിൽ 90 ശതമാനം മാംസവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. 12 ശതമാനം വിഹിതമാണ് വെറ്ററിനറി മേഖലയ്ക്ക് ലഭിക്കുന്നത്. സംസ്ഥാനത്ത് പിന്നോക്കംനിൽക്കുന്ന വയനാട് ജില്ലയിൽ താരതമ്യേന ആധുനിക സൗകര്യങ്ങളോടുകൂടി നൂറ് ഏക്കർ ഭൂമിയിൽ പ്രവർത്തിക്കുന്ന പൂക്കോട് വെറ്ററിനറി കോളേജ് ആസ്ഥാനമായി അംഗീകരിച്ച് ഒരു വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിലെ കന്നുകാലി ഉൽപ്പാദനത്തെയും ദേശീയ-അന്തർദേശീയ തലങ്ങളിലെ സാദ്ധ്യതകളെയുംപറ്റി പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഒരു വെറ്ററിനറി സർവ്വകലാ

ശാല സ്ഥാപിക്കുന്നതിന് 1.3.2006-ൽ കൂടിയ മന്ത്രിസഭായോഗം അംഗീകാരം നൽകുകയും ഇതിന് ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും 12.2.2007-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഇപ്പോൾ പൂക്കോട്ടിലേയും മണ്ണുത്തിയിലേയും വെറ്ററിനറി ആന്റ് അനിമൽ സയൻസ് കോളേജുകളും മണ്ണുത്തിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിയും പനങ്ങോടുള്ള ഫിഷറീസ് കോളേജും ചേർന്ന് പൂക്കോട് ആസ്ഥാനമാക്കി വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി തുടങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുവേണ്ട കരട് ബിൽ തയ്യാറാക്കിവരുന്നു. സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ സ്വീകരിക്കുന്നതാണ്.

(10) <u>പനത്തടി പഞ്ചായത്ത് അതിർത്തിയിൽ കർണ്ണാടക സർക്കാരിന്റെ അണക്കെട്ട് നിർമ്മാണം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : കാസർഗോഡ് ജില്ലയിൽ പനത്തടി പഞ്ചായത്തിൽ കേരള അതിർത്തിയിൽനിന്നും മൂന്നര കിലോമീറ്റർ മാറി കർണ്ണാടകത്തിൽ 40 കോടി രൂപ ചെലവിൽ ഒരു ഡാമിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. 5 മുതൽ 10 വരെ മെഗാവാട്ട് വൈദ്യുതി അവിടെനിന്നും ഉൽപ്പാദിപ്പിക്കുന്നതിനും കർണ്ണാടകയിലെ സുള്ള്യ എന്ന പട്ടണത്തിൽ കുടിവെള്ളം കൊടുക്കുന്നതിനുമാണ് ഈ ഡാം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഡാമിന്റെ പണി പൂർത്തിയായാൽ കേരളത്തിലെ അഞ്ച് ഹെക്ടറോളംവരുന്ന പഞ്ചായത്തുകൾ വേനൽക്കാലത്ത് വരണ്ടുപോകും. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലക്ഷക്കണക്കിന് ആളുകൾക്ക്

കുടിവെള്ളത്തിന് ഉപകരിക്കുന്ന മൂന്നാംകടവ് ഡാമിന്റെ പണി അടിയന്തിര മായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കർണ്ണാടക ത്തിലെ ബോർക്കൽ പവർ ലിമിറ്റഡ് എന്ന കമ്പനി പാണത്തൂർ പുഴയിലെ വെള്ളം ഉപയോഗിച്ച് 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി യാണ് കരക്കൈ ഗ്രാമപഞ്ചായത്ത് ജലവൈദ്യുത പദ്ധതികൊണ്ട് ഉദ്ദേശിക്കു ന്നത്. മൂന്ന് മീറ്റർ പൊക്കമുള്ള തടയണ കവിഞ്ഞ് ഒഴുകുന്ന വെള്ളം പൈപ്പു കളിലൂടെ പവർഹൗസിലേയ്ക്ക് കൊണ്ടുപോകും. പുഴയിലെ ഒരു കിലോ മീറ്റർ ഡൗൺസ്ട്രീമാണ് പവർഹൗസ്. വൈദ്യുതി ഉൽപ്പാദനത്തിനുശേഷം വെള്ളം പുഴയിലേയ്ക്കുതന്നെ തിരിച്ചുവിടും. വേനൽക്കാലത്ത് വിയറിലുള്ള ഷട്ടർ തുറക്കുകയും വെള്ളം പവർഹൗസിലേയ്ക്ക് എടുക്കാതിരിക്കുകയും ചെയ്യും. ഈ പദ്ധതി വന്നാൽ ചന്ദ്രഗിരി പുഴയിലേയ്ക്ക് വെള്ളം എത്തിച്ചേ രുമെന്നാണ് അറിയാൻ സാധിച്ചത്. ഈ കാര്യത്തെ സംബന്ധിച്ച് കൂടുതൽ വിശദമായ അന്വേഷണം നടത്തി വിവരങ്ങൾ അറിയിക്കാം.

### (11) പാർവ്വതീപുത്തനാറിലെ മലിനജലം

ശ്രീ. ജോർജ് മേഴ്സിയർ: പാർവ്വതീപുത്തനാറിലെ മലിനജലം പ്രവേശി ക്കുന്നതുമൂലം കരമനയാറിലെ സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുകയും വെള്ളം വിഷലിപ്തമാവുകയും ചെയ്തിരിക്കുകയാണ്. പൊഴി മൂന്നാറ്റുമുക്കിൽവച്ച് കടലിലേയ്ക്ക് ഒഴുകാതെ തിരികെ കരമന നദിയിലൂടെ തിരുവല്ലം ഭാഗത്തേയ്ക്ക് ഒഴുകുന്നതുകൊണ്ട് പരശുരാമക്ഷേത്രവും പരിസരവും മലീമസമാകുന്നു. ഇതിനാൽ നിരവധി നീന്തൽ താരങ്ങളുടെ നീന്തൽ

പരിശീലനം തടസ്സപ്പെടുകയും അവിടെ കുളിക്കുന്നവർക്ക് മാരകരോഗങ്ങൾ പിടിപെടുകയുംചെയ്യുന്നു. ഉല്ലാസയാത്രയ്ക്ക് എത്തുന്ന വിദേശികൾ മടങ്ങിപ്പോകുന്നു. പരശുരാമ ക്ഷേത്രത്തിന് അപ്പുറത്ത് ഒന്നരകിലോമീറ്റർ ദൂരത്ത് പള്ളത്തുകടവിൽ ഇപ്പോൾ മാലിന്യം വ്യാപകമായിക്കഴിഞ്ഞു. പാർവ്വതീപുത്തനാറിന്റെ താഴ്ച കൂട്ടിയാൽ പ്രശ്നം തീരുന്നതല്ല. മൂന്നാറ്റ് മുക്ക് മുതൽ ഇടയാറിനും ചേരിയമുട്ടത്തിനും നടുവിലുള്ള പനത്തുറപ്പൊഴി കടൽമണ്ണ് കയറി മൂടിയിരിക്കുകയാണ്. ഈ മണ്ണ് മാറ്റി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):. പാർവ്വതീ പുത്തനാറിന്റെ മലിനീകരണം സംബന്ധിച്ച് സഭയിൽ പല പ്രാവശ്യം ചർച്ച നടന്നിട്ടുണ്ട്. വേനൽക്കാലത്ത് വെള്ളത്തിന്റെ ഒഴുക്ക് ഗണ്യമായി കുറയുമ്പോഴാണ് ഈ പ്രശ്നം ഉണ്ടാകുന്നതെന്ന് പൊഴി മുറിക്കുമ്പോൾ ബോധ്യപ്പെടാറുണ്ട്. കടലിലെ ജലനിരപ്പും ആറിലെ ജലനിരപ്പും തമ്മിലുള്ള വ്യത്യാസം കാരണം പലപ്പോഴും പൊഴിമുറിക്കുമ്പോൾ നിമിഷങ്ങൾക്കുള്ളിൽ വീണ്ടും മണ്ണ് അടിയുന്നതിന്റെ ഫലമായി പാർവ്വതീപുത്തനാറിലെ വെള്ളം മലിനമാവുകയും സ്വീവേജ് ഉൾപ്പെടെ കരമനയാറിലേയ്ക്ക് ഒഴുകുകയും ചെയ്യുന്നു. അത് തിരുവല്ലം ഭാഗത്തുവന്ന് ഭക്തജനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നു. ഇത് പരിഹരിക്കുന്നതിന് 16 കിലോമീറ്റർ ഭാഗം പാർവ്വതീപുത്തനാറിന്റെ ആഴം കൂട്ടി വൃത്തിയാക്കുന്നതിനുവേണ്ടി 3.6 കോടി രൂപയുടെ പണി കേന്ദ്ര സഹായത്തോടെ ഇപ്പോൾ നടപ്പാക്കി വരികയാണ്. നടന്നുകൊണ്ടിരിക്കുന്ന പണിയിൽ ആഴംകൂട്ടുക എന്നത് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പംതന്നെ ഇതിന്റെ വശങ്ങൾ

സംരക്ഷിച്ച് ഭിത്തികെട്ടി ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. 12-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ വരുന്ന സാമ്പത്തിക വർഷത്തിൽ പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുകയാണ്. തിരുവനന്തപുരം നഗരത്തിൽ സ്വീവേജ് പ്ളാന്റ് നിർമ്മിച്ച് പാർവ്വതീപുത്തനാറിലെ മലിനീകരണം തടയുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതികൾ പൂർത്തിയാകുമ്പോൾ പാർവ്വതീപുത്തനാറിലെ മലിനീകരണം ഒരു പരിധിവരെ നിയന്ത്രിക്കാനാകും. ജെ.സി.ബി. ഉപയോഗിച്ച് മണ്ണ് നീക്കുന്നകാര്യം ഇന്നുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

(12) <u>കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി</u>

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u>: കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നത് ചെലവുകുറഞ്ഞ മാർഗ്ഗമാണ്. മറ്റ് പല സംസ്ഥാനങ്ങളിലും ലളിതമായ രീതിയിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ രാമക്കൽമേട്ടിൽ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഉടൻതന്നെ ആരംഭിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ. ബാലൻ)</u>: പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാറ്റ്. കേരളത്തിൽ ഉദ്ദേശം 750 മെഗാവാട്ട് വൈദ്യുതി കാറ്റാടി നിലയങ്ങൾവഴി ഉണ്ടാക്കാൻ സാധ്യത ഉണ്ടെന്നുള്ള പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഈ മേഖലയ്ക്ക് വേണ്ട പ്രാധാന്യം

നൽകുന്നതാണ്. കെ.എസ്.ഇ.ബി.യും അനർട്ടും ചേർന്ന് രാമക്കൽമേട്ടിൽ 5 മെഗാവാട്ടിന്റെ ഒരു കാറ്റാടിപ്പാടം സ്ഥാപിക്കുന്ന പദ്ധതിക്ക് ടെണ്ടർ ചെയ്തു; പ്രവൃത്തി ഉടൻതന്നെ അവാർഡ് ചെയ്യും. ഇതുകൂടാതെ രാമക്കൽമേട്ടിലെ സ്വകാര്യഭൂമിയിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് 15 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് മൈക്കോൺ എന്ന കമ്പനി സാങ്കേതിക അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള അനർട്ടാണ് അത് നൽകേണ്ടത്. അനർട്ടിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 2004-ൽ നിലവിൽവന്ന മാർഗ്ഗരേഖയാണുള്ളത്. അവയിലെ നൂലാമാലകൾ കാറ്റാടി നിലയങ്ങൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് തടസ്സം സൃഷ്ടിക്കുകയാണ്. ഭാവി വികസന പ്രവർത്തനങ്ങൾ മുന്നിൽകണ്ട് സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപ്പാദനം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ രംഗത്തെ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പ്രസരണം ചെയ്യാനുള്ള സംവിധാനം നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം ഒരുക്കേണ്ടത് അനർട്ടാണ്. എന്നാൽ പ്രദേശത്തിന്റ ദുർഘടമായ കിടപ്പും അനർട്ടിന് പ്രസരണ ലൈനുകൾ നിർമ്മിക്കുന്നതിനുള്ള ശേഷി ഇല്ലായ്മയും പരിഗണിച്ച് പ്രസരണ സംവിധാനം ഉണ്ടാക്കാനുള്ള സാധ്യത ഉൽപ്പാദക കമ്പനികൾതന്നെ ഏറ്റെടുക്കാമെന്ന് ഇപ്പോൾ ഉറപ്പുനൽകിയിട്ടുണ്ട്. 2004-ലെ മാർഗ്ഗരേഖയിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്. രാമക്കൽമേട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാറ്റാടി നിലയങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ ഈ സർക്കാരിന്റെ

കാലയളവിൽ കുറഞ്ഞത് 200 മെഗാവാട്ട് വൈദ്യുതി കാറ്റാടിപ്പാടങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (13) ആൾകേരള ഡോക്യുമെന്റ് റൈറ്റേഴ്സ് അസോസിയേഷന്റെ അവകാശദിനാചരണം

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്തെ ആധാരമെഴുത്തുകാർ ഇന്ന് അവകാശദിനം ആചരിക്കുകയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അഭ്യസ്തവിദ്യരായ 25000-ത്തോളം വരുന്ന ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ നടപടി ഉണ്ടാകണം. അവരുടെ പെൻഷൻ പദ്ധതിയുടെയും ഫെസ്റ്റിവൽ അലവൻസിന്റെയും കാര്യത്തിന്മേലും ക്ഷേമനിധി ആനുകൂല്യം 50,000 എന്നത് 1,00,000 രൂപ ആക്കാമെന്ന ഉറപ്പിന്മേലും ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഭൂമിയുടെ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വെണ്ടർമാരുടെ മുദ്ര പത്ര വില്പന പരിധി 25000 രൂപയായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടായിരുന്ന രജിസ്ട്രേഷൻ വകുപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കംപ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ടുള്ളതിൽ 40 ഓഫീസുകളിലെ പണി പൂർത്തിയായിവരികയാണ്. മൂന്ന് മാസത്തിനകം സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും കംപ്യൂട്ടർവൽക്കരണം

പൂർത്തിയാകും. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ആൾ കേരളാ ഡോക്കുമെന്റ് റൈറ്റേഴ്സ് ആന്റ് സ്ക്രൈബേഴ്സ് അസോസ്സിയേഷൻ സർക്കാരിന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 19-9-06-ൽ വകുപ്പുമന്ത്രിയും നികുതി വകുപ്പ് സെക്രട്ടറിയും രജിസ്ട്രേഷൻ ഐ..ജിയും സംഘടനാ നേതാക്കന്മാരുമായി നടത്തിയ ചർച്ചയിൽ ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്ന തരത്തിൽ ഫയലിംഗ് ഷീറ്റ് സമ്പ്രദായം നിലനിർത്തിക്കൊണ്ടേ കംപ്യൂട്ടർവൽക്കരണം നടത്തുകയുള്ളൂവെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. 2007 ജൂലായ് മാസത്തോടുകൂടി ന്യായവില നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സബ് രജിസ്ട്രാർ ഓഫീസുകളിലെ കാലതാമസം പരിഹരിക്കാനായി ആധാരപ്പകർപ്പുകൾ പെട്ടെന്ന് തയ്യാറാക്കാൻ കഴിയുന്ന ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം സർക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സ്റ്റാമ്പ് വെണ്ടർമാരുടെ മുദ്രപ്പത്ര വിൽപ്പന പരിധി 20,000 രൂപയാക്കി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ തൊഴിൽ ആധാരമെഴുത്തുകാർക്കായി സംവരണം ചെയ്യുന്നതും കൈപ്പട ലൈസൻസികൾക്ക് പ്രവൃത്തിപരിചയം കണക്കിലെടുത്ത് ലൈസൻസ് അനുവദിക്കുന്നതും നിയമവകുപ്പുമായി ആലോചിച്ചശേഷം തീരുമാനിക്കുന്നതാണ്. . പെൻഷനും ഉൽസവബത്തയും അനുവദിക്കുക, ആധാരമെഴുത്ത് ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കുക, ക്ഷേമനിധി ആനുകൂല്യം ഒരു ലക്ഷം രൂപയാക്കുക എന്നീ ആവശ്യങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

(14) ആമയിഴഞ്ചാൻ തോട് ശുചീകരണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട തോടുകളിലൊന്നായ ആമയിഴഞ്ചാൻ തോട്. മാലിന്യക്കൂമ്പാരമായിരിക്കുന്നതിനാൽ വർഷകാലമാകുമ്പോൾ മഴവെള്ളം ഒഴുകിപ്പോകാൻ കഴിയാതെ നഗരം വെള്ളത്തിൽ മുങ്ങുന്ന അവസ്ഥയാണുള്ളത്. പട്ടം, കരിയം തോടുകൾ വൃത്തിയാക്കാൻ തുക അനുവദിച്ചതുപോലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ആമയിഴഞ്ചാൻ തോട് അടിയന്തിരമായി വൃത്തിയാക്കി മഴവെള്ളം സുഗമമായി ഒഴുകിപ്പോകാനും തോടിന്റെ ഇരുഭാഗത്തുമുള്ള ജനങ്ങളുടെ ദുരിതപൂർണ്ണമായ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലവർഷ സമയത്ത് തിരുവനന്തപുരം നഗരത്തിൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുന്നത് കണക്കിലെടുത്ത് മലീമസമായ തോടുകൾ വൃത്തിയാക്കാനും വെള്ളക്കെട്ട് ഒഴിവാക്കാനുമായി നാല് മാസം മുമ്പ് ഒരു കോടി രൂപ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചതിൽ 32 ലക്ഷം രൂപ പട്ടം, കരിയം തോടുകളുടെ പണിക്കായി ഉൾപ്പെടുത്തി അടുത്ത മാസം പണി ആരംഭിക്കുന്നതാണ്. പട്ടം, ഉള്ളൂർ തോടുകൾ സന്ധിക്കുന്ന ഇടവക്കോട് മുതൽ കണ്ണമ്മൂല വരെയുള്ള ഭാഗത്തിന്റെ പണി ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിനായി 2 കോടി രൂപ ജെ.എൻ.എൻ.യു.ആർ.എം. (ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യൂവൽ മിഷൻ) എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണമ്മൂല മുതൽ വേളി വരെയുള്ള 5 കിലോമീറ്റർ ഭാഗത്തെ മാലിന്യ

നിർമ്മാർജ്ജനത്തിനുള്ള ശുപാർശ തിരുവനന്തപുരം നഗരസഭ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആമയിഴഞ്ചാൻ തോടിന്റെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ എസ്റ്റിമേറ്റ് എത്രയാണെന്ന് കണക്കാക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് പ്രസ്തുത പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(15) വൈറ്റില –പേട്ട റോഡ് നാലുവരി പാതയാക്കൽ

ശ്രീ. കെ. ബാബു: മണിക്കൂറുകളോളം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കൊച്ചി നഗരത്തിലെ ഏറ്റവും തിരക്കുള്ള റോഡുകളിലൊന്നായ വൈറ്റില– പേട്ട റോഡ് നാലുവരി പാതയാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കോട്ടയം –തിരുവനന്തപുരം റെയിൽപ്പാതയുടെ ഭാഗമായ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലുള്ള ഏരൂർ –മാത്തൂർ റെയിൽവേക്രോസ്സിൽക്കൂടി പാസ്സഞ്ചർ ട്രെയിനുകളും ഗുഡ്സ് ട്രെയിനുകളും പോകുന്നതിനാൽ മണിക്കൂറുകളോളം ഗേറ്റ് തുറന്ന് കിട്ടാൻ പ്രയാസമുണ്ടാകുന്ന സാഹചര്യത്തിൽ ഒരു മേൽപ്പാലം നിർമ്മിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): തൃപ്പൂണിത്തുറ ഏരൂർ –മാത്തൂർ റെയിൽവേ ക്രോസ്സിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വൈറ്റില–പേട്ട റോഡിന് വേണ്ട സ്ഥലമെടുപ്പ് 2004-05–ൽ തുടങ്ങുകയും 6.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തെങ്കിലും ഭരണാനുമതി കിട്ടിയിട്ടില്ല. പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(16) വെള്ളനാട് പാലത്തിന്റെ നിർമ്മാണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: 12.1.06-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ കമ്മിറ്റി അംഗീകരിച്ച നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വെള്ളനാട് വെളിയന്നൂർക്കടവ് പാലം പണി എത്രയും പെട്ടന്ന് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വെള്ളനാട് പാലത്തിന്റെ പണി നടപ്പാക്കുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ്. സ്ക്കീമിൽപ്പെടുത്തി ഭരണാനുമതിയും 291 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയുണ്ടായി. അതിന് മൂന്ന് ദർഘാസ്സുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞത് 16.90 ശതമാനം നിരക്കിലുള്ളതായതിനാലും എക്സസ്സ് റേറ്റ് സ്റ്റേറ്റ് ഗവണ്മെന്റ് വഹിക്കേണ്ടതിനാലും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് അയച്ചിരിക്കുകയാണ്. അംഗീകാരം കിട്ടിയ ശേഷം നടപടി സ്വീകരിക്കുന്നതാണ്.

(17) കാർഷികാവശ്യത്തിന് മണ്ണെണ്ണയുടെ ലഭ്യത.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർകോട് ജില്ലയിൽ നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയ മേഖലയിൽ കൃഷി ചെയ്യുന്ന കൃഷിക്കാരും മൽസ്യത്തൊഴിലാളികളും ജലസേചനം നടത്തുന്നത് മണ്ണെണ്ണ പമ്പുകൾ ഉപയോഗിച്ചാണ്. 10600 കർഷകർക്കും 1200 മൽസ്യത്തൊഴിലാളികൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. ഒരേക്കർ കൃഷിക്ക് 10 ലിറ്റർ മണ്ണെണ്ണ എന്ന തോതിൽ . ഒന്നര ലക്ഷം ലിറ്റർ വേണ്ട സ്ഥാനത്ത് 96,000 ലിറ്റർ

മാത്രമാണ് ലഭിക്കുന്നത്. ഈ പ്രതിസന്ധിയിൽ നിന്ന് കർഷകരെയും മൽസ്യത്തൊഴിലാളികളേയും രക്ഷിക്കാനായി വെട്ടിക്കുറച്ച മണ്ണെണ്ണ പുന:സ്ഥാപിക്കാനും ആവശ്യത്തിന് മണ്ണെണ്ണ നൽകി അവരെ രക്ഷിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കാസർകോട് ജില്ലയിലെ നെല്ല്, കവുങ്ങ്, തെങ്ങ് എന്നീ കാർഷികവിളകൾക്ക് ജലസേചനം നടത്തുന്നതിന് പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷൻ മുഖാന്തിരം പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭ്യമാക്കുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ജില്ലാകളക്ടറുടെ ഉത്തരവിൻപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷിഭവനുകളിൽ അപേക്ഷ സ്വീകരിക്കുകയും കൃഷി ഓഫീസർ മുഖേന അന്വേഷണം നടത്തി അർഹരായവർക്ക് പെർമിറ്റ് നൽകി താലൂക്ക് ജില്ലാ സപ്ളൈ ഓഫീസർമാർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ഇത്തവണ പത്ത് ദിവസത്തെ സമയപരിധിയാണ് അപേക്ഷ സമർപ്പിക്കാനായി കർഷകർക്ക് നൽകിയിരുന്നത്. ഇതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്രസർക്കാർ മണ്ണെണ്ണ ക്വാട്ട വെട്ടിക്കുറച്ചതിന്റെ ഫലമായി കർഷകർക്ക് ഉണ്ടായ മണ്ണെണ്ണയുടെ കുറവ് പരമാവധി പരിഹരിക്കുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷനുമായി ബന്ധപ്പെടുന്നതോടൊപ്പം സംസ്ഥാനത്തെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

## റിപ്പോർട്ട് സമർപ്പണം.

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം.

1. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> പ്രമേയത്തെ പിൻതാങ്ങുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു. ടി. തോമസ്):</u> കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസായി കൊണ്ടുവന്നത് റീപ്ലേസ് ചെയ്ത് വീണ്ടും ഓർഡിനൻസായി കൊണ്ടുവന്ന ഒരു നിയമം സഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് റോഡ് സുരക്ഷാ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം കേരളം കൊടുക്കേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നതിൽ ചെറിയ മാറ്റങ്ങൾ വരുത്തിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. റോഡ് സുരക്ഷാ കമ്മീഷണറായി ചീഫ് സെക്രട്ടറിയെ നേരത്തെ നിശ്ചയിച്ചുവെങ്കിലും ട്രാൻസ്പോർട്ട് കമ്മീഷണറെ നിശ്ചയിച്ചുകൊണ്ടുള്ള ഭേദഗതിയാണ് സബ്ജക്ട് കമ്മിറ്റി തലത്തിൽ വന്നിട്ടുള്ളത്.

സെസ്സ് പിരിച്ചെടുക്കുന്ന ഫണ്ടിന്റെ ഒരു വിഹിതം ധനസഹായമായി നൽകുന്ന വ്യവസ്ഥ ഉണ്ടായിരുന്നത് സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് നീക്കം ചെയ്തിട്ടുണ്ട്. അതോറിറ്റിയുടെ യോഗം ആറ് മാസത്തിലൊരിക്കൽ ചേരേണ്ടതാണ്. ഹെവി, മീഡിയം, ലൈറ്റ് മോട്ടോർ വാഹനങ്ങൾ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്ക് ചുമത്തുന്ന സെസ്സ് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിൽ പറഞ്ഞതിനേക്കാൾ 50 ശതമാനം കുറവോടെ യാണ് ഭേദഗതി ചെയ്തിട്ടുളളത്. ഈ അതോറിറ്റി രൂപീകരിച്ച് സംസ്ഥാ നത്തെ റോഡ് സുരക്ഷാ നടപടികൾ ത്വരിതപ്പെടുത്താനും റോഡ് അപകട ങ്ങൾ കുറച്ചുകൊണ്ടുവരാനുമുള്ള പരിശ്രമത്തിൽ എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ:</u> വിയോജിപ്പ് പ്രകടിപ്പിക്കുന്നു. ഇത്തരം ഒരു ബിൽ കൊണ്ടുവരുന്നതുകൊണ്ടുമാത്രം റോഡപകടങ്ങൾ കുറയുമോ എന്ന് പരിശോധിക്കണം. നിബന്ധനകളോടെയും ഭേദഗതികളോടെയും ഇത് പാസ്സാ ക്കിയാൽപ്പോലും പൊതുസമൂഹത്തിന്റെ ചില സമീപനങ്ങളും കാഴ്ചപ്പാടു കളുംമൂലം ഈ നിയമത്തിന്റെ നടത്തിപ്പ് എത്രത്തോളം ഫലപ്രദമാകുമെന്ന് ചിന്തിക്കേണ്ടതാണ്. പി.ഡബ്ല്യൂ.ഡി., ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പു കളുടെ സഹകരണം ഇതിന് ആവശ്യമാണ്. വൻ അപകടങ്ങൾ ഉണ്ടാകുമ്പോൾ ധനസഹായം പ്രഖ്യാപിക്കുന്നതുപോലെ ഒറ്റ മരണം നടക്കുന്ന അപകടങ്ങളുടെ കാര്യത്തിലും ആനുകൂല്യങ്ങൾ നൽകണം. അപകടങ്ങളുണ്ടാകുമ്പോൾ അതിന് ഇരയാകുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതല്ലാതെ അപകടത്തിന് കാരണക്കരായവരുടെ പേരിൽ നടപടി സ്വീകരിക്കുന്നില്ല. ഇവിടെ വ്യക്തികളുടെ അവകാശത്തേയും അധികാര

ത്തേയും ചോദ്യം ചെയ്യാൻ ആർക്കും സാധ്യമല്ല. വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനും യാതൊരു ക്രമീകരണവുമില്ലാത്ത പാർക്കിംഗ് നിർത്തലാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഉപരിതലത്തിലേതുപോലെ അടിപ്പാതയിൽക്കൂടിയും യാത്രാസൗകര്യം മെച്ചപ്പെടുത്താനുള്ള സംവിധാനം ഉണ്ടാകണം. ഒരു സർവ്വീസ് സെക്ടറായ കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ പലകാരണങ്ങൾ പറഞ്ഞ് വെട്ടിക്കുറയ്ക്കുന്നത് ശരിയല്ല. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ പബ്ളിക്ക് ട്രാൻസ്പോർട്ട് സിസ്റ്റം ശക്തമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ട്രാഫിക്ക് നിയമങ്ങൾ എൻഫോഴ്സ് ചെയ്യാനും അവ ശക്തമാക്കാനുമുള്ള നടപടിയുണ്ടാക്കണം. സ്പീഡ് നിയന്ത്രിക്കണം. പ്രധാനപ്പെട്ട നിരത്തുകളിലെല്ലാം റഡാറുകൾ സ്ഥാപിക്കണം. വ്യാജ ലൈസൻസുള്ള ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ട്രാൻസ്പോർട്ട്, മോട്ടോർ വെഹിക്കിൾസ്, പോലീസ്, പി.ഡബ്ളിയു.ഡി., ഹെൽത്ത്, എന്നീ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. റോഡിന്റെ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ട്രാഫിക്കല്ല ഇപ്പോഴുള്ളത്. റോഡ് സുരക്ഷയുടെ ഭാഗമായി വാഹനപ്പെരുപ്പം നിയന്ത്രിക്കാനുള്ള സംവിധാനമുണ്ടാകണം. പബ്ളിക്ക് ട്രാൻസ്പോർട്ട് സിസ്റ്റം ശക്തമാക്കി സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം വരുത്തണം. ട്രാഫിക് പരിഷ്ക്കരണം സംബന്ധിച്ച് പഠനങ്ങളും ഗവേഷണങ്ങളും നടത്തിയിട്ടുള്ള ധാരാളം വിദദ്ധർ ഈ രംഗത്ത് ഉണ്ട്. റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുമ്പോൾ ആ രംഗത്തുള്ള വിദഗ്ദ്ധരെ അംഗങ്ങളാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ഹൈവേയോടു

ചേർന്നുവരുന്ന പ്രധാനപ്പെട്ട ആശുപത്രികളിലെങ്കിലും ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കണം. 20 കിലോമീറ്റർ വ്യത്യാസത്തിലെങ്കിലും ഒരു സർക്കാർ ആശുപത്രി സുസജ്ജമാക്കണം. റോഡ് ആക്സിഡന്റ് നടന്നാൽ സാക്ഷി പറയാൻ ആളെക്കിട്ടാത്ത സാഹചര്യമുണ്ട്. ഹോം ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കണം. അതോറിറ്റിയിലെ നിയമനങ്ങൾ പി.എസ്.സി. വഴി ആയിരിക്കണം. പഠനം, ഗവേഷണം മുതലായവയ്ക്ക് എത്ര തുക നീക്കിവയ്ക്കണമെന്നത് സംബന്ധിച്ച് മാനദണ്ഡം നിശ്ചയിക്കണം. അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിന് എത്ര ശതമാനം തുക ആകാമെന്നതു സംബന്ധിച്ച് ഒരു ക്ലിപ്തത വേണം. അപകടങ്ങളിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കണം.

<u>ശ്രീ. സി.എഫ്. തോമസ്:</u> സംസ്ഥാനം വാഹനാപകടങ്ങളുടെ കാര്യത്തിൽ മുൻപന്തിയിലാണ്. നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതാണ് പ്രശ്നം. മദ്യപിച്ച് വാഹനം ഓടിക്കുന്നതുമൂലമാണ് ഏറ്റവുമധികം അപകടങ്ങൾ സംഭവിക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് കാര്യക്ഷമമായി ഒന്നും ചെയ്യുന്നില്ല. അതോറിറ്റിയുടെ യോഗങ്ങൾ 3 മാസത്തിലൊരിക്കൽ കൂടണമെന്ന് നിശ്ചയിക്കണം. ജില്ലാ സുരക്ഷാ സമിതികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണം.

## അറിയിപ്പ്

സഭയുടെ സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കാര്യപരിപാടി അനുസരിച്ച് 2007-ലെ ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും 12.30 മുതൽ 1.30 വരെ ആണ്. അത് വെയ്വ് ചെയ്ത് ബില്ലിന്റെ ചർച്ച തുടരാവുന്നതാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. സി.എഫ് തോമസ് (തുടർച്ച): നിയമം അനുസരിച്ച് കാര്യങ്ങൾ നടപ്പിലാക്കാനാവശ്യമായ ഫണ്ടും മറ്റു സംവിധാനങ്ങളും കണ്ടെത്തണം. ഉള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. റോഡു സുരക്ഷാപരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥരുടെ ഏകോപനം മാത്രം പോരാ; മന്ത്രിസഭാ ഉപസമിതിതന്നെ വേണം. വാഹനങ്ങളുടെ അമിതവേഗതയും മദ്യപിച്ച് വാഹനം ഓടിക്കുന്നതും പൊതുനിരത്തുകളുടെ ശോച്യാവസ്ഥയുമൊക്കെയാണ് റോഡപകടങ്ങളുടെ പ്രധാന കാരണങ്ങൾ. പി.ഡബ്ളിയു.ഡി. റോഡ് പണി പൂർത്തിയാക്കിയാൽ ആറ് മാസത്തെ അറ്റകുറ്റപ്പണികൾ കോൺട്രാക്ടർ തന്നെ ചെയ്യണമെന്ന വ്യവസ്ഥ കർശനമാക്കണം. നിലവിലുള്ള ഗതാഗതച്ചട്ടങ്ങൾ നടപ്പിലാക്കാൻ പോലീസ്, മോട്ടോർ വെഹിക്കിൾസ് എന്നീ ഡിപ്പാർട്ടുമെന്റുകളെ ശക്തമാക്കണം. നിയമം നടപ്പിലാക്കി വാഹനാപകടങ്ങളുടെ എണ്ണം കുറയ്ക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പൊതുജനാഭി

പ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിന് പരിഹാരം കാണാനുള്ള ബില്ലിന്റെ ഉദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. റോഡപകടങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ ഉണ്ടാകണം.. എം.എ.സി.ടി ക്ലെയിം വഴിയുള്ള ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുന്നതിന് നടപടിയെടുക്കണം. പൊതുനിരത്തുകളുടെ ശോച്യാവസ്ഥയും വാഹനബാഹുല്യവുമൊക്കെ റോഡപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബ്രിട്ടനിലെപ്പോലെ കേരളത്തിലും സ്കൂൾതലം മുതൽ റോഡു സുരക്ഷിതത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തണം. പല റോഡുകളിലും സ്ഥാപിച്ചിട്ടുള്ള സിഗ്നലുകൾ വർക്ക് ചെയ്യുന്നില്ല. ദിശാബോർഡുകൾ തെളിഞ്ഞുകാണുന്നില്ല. ഹംപുകൾക്കു മുൻകരുതലായി വയ്ക്കേണ്ട സിഗ്നലുകൾ വയ്ക്കുന്നില്ല. ഇങ്ങനെയുള്ള അപാകതകൾ പരിഹരിക്കണം. ആധുനിക–സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സിഗ്നലുകളും ദിശാബോർഡുകളും സ്ഥാപിക്കണം.. അപകടങ്ങളുണ്ടാക്കുന്ന റോഡ്സൈഡുകളിലെ പരസ്യ ബോർഡുകൾ ഒഴിവാക്കണം. വാഹനമോടിക്കുന്നയാൾ മദ്യപിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തണം. വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കണം. കാലഹരണപ്പെട്ട വാഹനങ്ങൾ സർവ്വീസ് നടത്താൻ അനുവദിക്കരുത്. വാഹനബാഹുല്യം നിയന്ത്രിക്കണം. വാഹനം ഓടിക്കുന്ന സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതു തടയണം. വനിതാ ഡ്രൈവർമാരുൾപ്പെടെയുള്ളവർക്ക് രണ്ട് മാസത്തിലൊരിക്കൽ

ബോധവൽക്കരണ ക്ളാസ് നടത്തണം. പ്രതിവർഷം 600 കോടിയോളം രൂപയാണ് വാഹനാപകടങ്ങൾമൂലമുള്ള നഷ്ടപരിഹാരത്തിനായി സംസ്ഥാനത്തിന് നഷ്ടമാകുന്നത്. ഈ നിയമം നടപ്പിലാകുമ്പോൾ നിലവിലുള്ള മറ്റ് നിയമങ്ങൾ ദുർബലപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. റോഡ് സുരക്ഷാ അതോറിറ്റിയിൽപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമുള്ള അധികാരം അതോറിറ്റിക്ക് തന്നെയായിരിക്കണം. അതോറിറ്റിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഒരു സിവിൽ കോടതിക്കും ചോദ്യം ചെയ്യാൻ ബില്ലിൽ പ്രൊവിഷനില്ല. സ്റ്റേറ്റ് അതോറിറ്റിക്കും ജില്ലാതലത്തിലുള്ള കൗൺസിലിനുമാണ് പരമാധികാരം നൽകിയിരിക്കുന്നത്. വാഹനാപകടത്തിൽ കോമ്പൻസേഷൻ ലഭിക്കുന്നതിനോ മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ കാര്യത്തിൽ സംശയങ്ങളുണ്ടായാലോ പോലീസ് കേസ് എടുക്കാൻ വിസമ്മതിക്കുന്ന സാഹചര്യവുമുണ്ടായാലോ കോടതിയിൽ പോകേണ്ടിവരുന്നതുകൊണ്ട് കോടതിക്ക് അധികാരം നൽകുന്നതിനെക്കുറിച്ച് പുനരാലോചന നടത്തണം. അപകടഹേതുക്കളായ ആർച്ചുകളും ബാനറുകളും മറ്റും നീക്കംചെയ്യുന്നതിന് രണ്ട് മാസത്തെ സമയമാണ് കൊടുക്കുന്നത്. സാധാരണഗതിയിൽ ഇവ ഒന്നു രണ്ട് ആഴ്ചയേ വയ്ക്കാറുള്ളൂ. ആവശ്യം കഴിഞ്ഞ് കൊണ്ടുവയ്ക്കുന്നവർതന്നെ മാറ്റിക്കൊള്ളും. അതുകൊണ്ട് രണ്ടുമാസത്തെ സമയം എന്നു നിശ്ചയിച്ചിരിക്കുന്നതിൽ അർത്ഥമില്ല. ഈ നിയമ പ്രകാരം അതോറിറ്റിയിൽ ആരെ വേണമെങ്കിലും അപ്പോയിന്റ് ചെയ്യാൻ ഗവണ്മെന്റിന് അധികാരമുണ്ട്. അതുപോലെതന്നെ 31-ാം വകുപ്പ് പ്രകാരം അതോറിറ്റിയുടെ അധികാരം സർക്കാരിന് കവർന്നെടുക്കാൻ കഴിയും. അതായത്, അതോറിറ്റി

എടുക്കുന്ന ഏതു തീരുമാനത്തെയും റിവിഷനിലൂടെ സർക്കാരിന് മാറ്റാം. അതോറിറ്റിയുടെ നയപരമായ കാര്യങ്ങളിൽ ഇടപെടാൻ സർക്കാരിന് അധികാരം നൽകിയിരിക്കുകയാണ്. അതോറിറ്റിയുടെമേൽ സർക്കാരിന് അമിതമായ അധികാരം കൊടുത്തിരിക്കുന്ന വകുപ്പുകളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. നിലവിലുള്ള ഇൻഡ്യൻ ശിക്ഷാനിയമത്തിന്റെയോ മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെയോ ഗൗരവം നഷ്ടപ്പെടുന്ന തരത്തിലോ അതോറിറ്റിക്ക് കൊടുത്ത അധികാരങ്ങളെ കവർച്ച ചെയ്യുന്ന നിലയിൽ സർക്കാരിന് അധികാരം കൊടുക്കുന്ന തലത്തിലോ ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തിയാൽ ഉദ്ദേശിക്കുന്ന രീതിയിലുള്ള വ്യക്തത ഉണ്ടാകില്ല എന്ന കാര്യം കൂടി ശ്രദ്ധിക്കണം.

<u>ശ്രീ. കെ. സി. വേണുഗോപാൽ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുന്നത് നല്ലതാണ്. നിയമമനുസരിക്കാൻ ജനങ്ങളോട് പറയുന്നതോടൊപ്പം ഗവണ്മെന്റ് ചെയ്യേണ്ട കാര്യങ്ങൾകൂടി ചെയ്യേണ്ടതായിട്ടുണ്ട്. കാലപ്പഴക്കം ചെന്ന കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ, റോഡുകളുടെ ശോച്യാവസ്ഥ, റോഡ് ടാർ ചെയ്ത് ഒരാഴ്ച കഴിയുന്നതിനുമുമ്പുതന്നെ ഇലക്ട്രിസിറ്റിയുടേയും ടെലിഫോണിന്റേയു മൊക്കെ കേബിളിടുന്നതിനു വേണ്ടി വെട്ടിക്കുഴിക്കുക, ഓടകൾ സ്ലാബിട്ട് മൂടാതിരിക്കുക, മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് ഇതൊക്കെ

അപകടങ്ങൾക്ക് വഴിയൊരുക്കുന്ന ഘടകങ്ങളാണ്. ഇതിനൊക്കെ പരിഹാരം കാണുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് ഭാഗത്തുനിന്നുണ്ടാകണം. കേരള റോഡ് സുരക്ഷ ഫണ്ട് ഉപയോഗിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തണം അപകടത്തിൽപ്പെടുന്ന വ്യക്തികളെ യഥാസമയം ആശുപത്രിയിൽ എത്തിക്കുന്നവരെ നിയമക്കുരുക്കുകളിൽ പ്പെടുത്തി ബുദ്ധിമുട്ടിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് ബ്ളഡ് ബാങ്ക് സൗകര്യത്തോടുകൂടിയ ആംബുലൻസും ട്രാഫിക് പോലീസിന്റെ സേവനവും ലഭ്യമാക്കണം. ഡിപ്പാർട്ടുമെന്റിന്റെ ആർച്ചുകൾ, പരസ്യ ബോർഡുകൾ, സ്തൂപങ്ങൾ, പ്രസംഗവേദികൾ തുടങ്ങിയവ പബ്ളിക് റോഡിൽ സ്ഥാപിച്ചിരിക്കുന്നതും പി.ഡബ്ള്യൂ.ഡി. സപ്ളൈ ചെയ്യുന്ന നിർമ്മാണ സാമഗ്രികൾ റോഡരികത്ത് നിക്ഷേപിച്ചിരിക്കുന്നതുമൊക്കെ നീക്കം ചെയ്യാനുള്ള ഇച്ഛാശക്തി ഗവണ്മെന്റ് കാണിക്കണം. വാഹനപ്പെരുപ്പം നിയന്ത്രിക്കണം. സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടം നിയന്ത്രിക്കുന്നതിന് ശാസ്ത്രീയ രീതിയിലുള്ള ടൈമിംഗ് ഏർപ്പെടുത്തണം. വിവിധതരം വാഹനങ്ങളിൽ അമിതമായി ആളുകളെ കയറ്റുന്നത് നിരോധിക്കണം. റോഡ് സുരക്ഷാപരിപാടികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം. സ്കൂൾ പാഠ്യപദ്ധതിയിൽ ട്രാഫിക് നിയമംകൂടി ഉൾപ്പെടുത്തണം. ട്രാഫിക് നിയമം പഠിച്ചവരെത്തന്നെ ട്രാഫിക് നിയന്ത്രണമേൽപ്പിക്കണം. സെസ്സ് പിരിച്ചെടുക്കുന്നത് ഫലപ്രദമായി വിനിയോഗിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: കേരളത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും മൊത്തത്തിൽ പരിഹാരം കാണുന്നതിനും ഒരു നിയമനിർമ്മാണം ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാലാണ്

ഇത്തരത്തിലൊരു ബിൽ സഭയിൽ അവതരിപ്പിക്കാനിടയായത്. പൊതുനിരത്തുകളുടെ ശോച്യാവസ്ഥ, വാഹന ബാഹുല്യം, ഗതാഗതച്ചട്ടങ്ങളുടെ ലംഘനം തുടങ്ങിയ അപകടസാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി ഉണ്ടാകണം. വാഹനങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. ഡ്രൈവർമാർക്ക് ബോധവൽക്കരണവും ട്രെയിനിംഗും നൽകണം. ഓട്ടോറിക്ഷാ ഡ്രൈവർമാരുടെ കാര്യത്തിൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം കെ.എസ്.ആർ.ടി.സി. വാഹനാപകട നഷ്ടപരിഹാരത്തുക അർഹരായവർക്ക് കിട്ടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. മനഃപൂർവ്വമായ അശ്രദ്ധമൂലം റോഡപകടങ്ങളുണ്ടാക്കുന്ന ആളുകളെപ്പോലും ശിക്ഷിക്കാൻ പര്യാപ്തമല്ലാത്ത 304(എ) വകുപ്പ് നിലനിർത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. അമിതവേഗതയിൽ ഓടിക്കുന്ന ടിപ്പർ ലോറികൾ ധാരാളം അപകടം വരുത്തിവയ്ക്കുന്നു. വാഹനാപകടങ്ങൾ അനുസ്യൂതം വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഇത്തരം സമഗ്രമായ ഒരു നിയമം ആവശ്യം തന്നെയാണ്.

ശ്രീ. എം. ചന്ദ്രൻ : റോഡപകടങ്ങളുടെ കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. ഇതിന് പരിഹാരം കാണേണ്ടത് അത്യാവശ്യം തന്നെയാണ്. ഞെട്ടിപ്പിക്കുന്ന വാഹനാപകടങ്ങളുടെ കണക്കുകളാണ് ഓരോ ദിവസവും ലഭിച്ചുകൊണ്ടിരിക്കുന്നത്. നിരവധി മനുഷ്യ ജീവനാണ് ഓരോ ദിവസവും ഹോമിക്കപ്പെടുന്നത്. സംസ്ഥാനത്ത് വാഹന വർദ്ധനവ് നിയന്ത്രിക്കാൻ യാതൊരു സംവിധാനവും നിലവിലില്ല. മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ

വാഹനങ്ങളുള്ള കേരളത്തിൽ 52 കിലോമീറ്റർ റോഡ് മാത്രമേ നാലുവരിപ്പാത യായിട്ടുള്ളു എന്നത് ഗൗരവമായി കാണണം. നടപ്പാത നിർമ്മിക്കുകയും അതിന്റെ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യണം. തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഗ്രാമപഞ്ചായത്തുകളുടേയും നിയന്ത്രണത്തിലുള്ള ഗ്രാമീണ റോഡുകൾ പലതും മെയിന്റനൻസ് നടത്താതെ തകർന്ന നിലയിലാണ്. വാഹനപ്പെരുപ്പ നിയന്ത്രണത്തിലൂടെയും റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിലൂടെയും മാത്രമേ റോഡപക ടങ്ങൾ നിയന്ത്രിക്കാൻ സാധിക്കൂ. ലൈസൻസില്ലാത്ത ഡ്രൈവർമാരാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നത് എന്ന വസ്തുത മനസ്സിലാക്കി അവർക്ക് നല്ല നിലയിലുള്ള പരിശീലനം നൽകാൻ നടപടി സ്വീകരിക്കണം. മനുഷ്യജീവൻ നഷ്ടപ്പെടാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്കും ആർ.ടി. ഒ.മാർക്കും റോഡ് നിർമ്മാണത്തിലേർപ്പെടുന്ന പി.ഡബ്ള്യു.ഡി. എഞ്ചിനീ യർമാർക്കും ആവശ്യമായ പരിശീലനം കൊടുക്കണം. സ്കൂൾ സിലബസ്സിൽ ട്രാഫിക് റൂൾസ് പാഠ്യവിഷയമായി ഉൾപ്പെടുത്തണം. റോഡരികിൽ സ്ഥാപി ച്ചിട്ടുള്ള കൊടിമരങ്ങളും സ്മാരകങ്ങളും മാറ്റണമെന്നുള്ള പൊതുവായ തീരുമാനം ഉണ്ടായാൽ റോഡപകടങ്ങൾ കുറയ്ക്കാൻ കഴിയും. റോഡപകട ങ്ങൾ ഉണ്ടാകുമ്പോൾ പൊതുപ്രവർത്തകർ നിഷ്പക്ഷമായി ഇടപെടേണ്ട തുണ്ട്. ആക്സിഡന്റ് ഉണ്ടായാൽ ആരും ശ്രദ്ധിക്കാതെ പോകുന്നതിലൂടെ കൂടുതൽ മരണങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ഇതിൽ ഇടപെടാൻ ബാധ്യതപ്പെട്ടവ രെ അതോറിറ്റി നിയോഗിക്കണം. റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കു മ്പോൾ ട്രോമാ കെയർ യൂണിറ്റുകൾ നടപ്പാക്കുന്നതിന് പ്രത്യേക പരിഗണന

നൽകണം. കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ വിദഗ്ദ്ധരായ മൂന്ന് പേർ ഉൾപ്പെടെ പത്തോ പതിനഞ്ചോ അംഗങ്ങളുണ്ടാകണം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകണം. ജില്ലാ അതോറിറ്റിയിൽ ഉദ്യോഗസ്ഥർക്ക് പുറമേ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും എം.എൽ.എ.മാരേയും ഉൾപ്പെടുത്തണം. അതോറിറ്റിയുടെ വരുമാനം ഉപയോഗിച്ച് സ്വതന്ത്രമായി ഫണ്ട് രൂപീകരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലോ ദേശസാൽകൃത ബാങ്കിലോ നിക്ഷേപിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ദീർഘമായി ഇപ്പോൾ മറുപടി പറയുന്നില്ല. ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷനിൽ പറയാം.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**2-ാം വകുപ്പ്**

ശ്രീ. കെ.കെ. ജയചന്ദ്രൻ : 117, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 122, 126, 127, 133 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ : 123-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: 125, 149 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 134- –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: 135–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 141–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 142–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 144 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 148 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 150–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. ജോർജ് മേഴ്സിയറുടെ "ഖണ്ഡം 2(1) (ഡി)–യിൽ "എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ" എന്നതിനുശേഷം "ജില്ലാ റോഡു സുരക്ഷാ കൗൺസിലിന്റെയോ" എന്നു ചേർക്കുക." എന്ന 138–ാം നമ്പർ ഭേദഗതിയും ശ്രീ. കെ.സി. വേണുഗോപാലിന്റെ "ഖണ്ഡം 2 (1) (ജെ)–യിൽ "എന്നതിൽ" എന്നതിനു ശേഷം "ഒരു പൊതുനിരത്തിൽകൂടി" എന്നു ചേർക്കുക." എന്ന 147-ാം നമ്പർ ഭേഗദതിയും വാക്കാൽ ഭേദഗതികളായി അവതരിപ്പിക്കുന്നു. ശ്രീ. കെ.പി. മോഹനൻ അവതരിപ്പിച്ച "ഖണ്ഡം 2(1)

(എ)-യിൽ "അതതു സംഗതിപോലെ ഏതെങ്കിലും" എന്നതിനു ശേഷം "പൊതുമുതലുകൾക്കോ, മറ്റു വാഹനങ്ങൾക്കോ" എന്നുകൂടി ചേർക്കുക" എന്ന 125-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച "ഖണ്ഡം 2(1) (എ)-യിൽ "വ്യക്തിക്കോ" എന്ന വാക്കിനുശേഷം "വ്യക്തികൾക്കോ" എന്ന വാക്കുകൂടി ചേർക്കുക" എന്ന 127-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. വാക്കാൽ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ശ്രീ. കെ.പി. മോഹനൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: 152, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 154, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: 155, 156, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u>: 157 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. മുരളി</u>: 160, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: 164–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: 165, 166, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : 169 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ</u>: 170, 185, 192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു:</u> 171–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u>: ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച “ഖണ്ഡം 3(3) (എസ്)–ൽ "അഡീഷണൽ ട്രാൻസ്പോർട്ട് കമ്മിഷണർ" എന്നതിന് പകരം "സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി" എന്ന് ചേർക്കുക” എന്ന 162–ാം നമ്പർ ഭേദഗതിയും ശ്രീ. എ.പി. അനിൽകുമാർ അവതരിപ്പിച്ച “ഖണ്ഡം 3(3) (എസ്)–ൽ "കൂടാതെ" എന്ന വാക്ക് നീക്കം ചെയ്യുക” എന്ന 164–ാം നമ്പർ ഭേദഗതിയും ശ്രീ. ആർ. സെൽവരാജ് അവതരിപ്പിച്ച “ഖണ്ഡം 3 (4)–ൽ

"സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം" എന്ന വാക്കുകൾക്ക് പകരം "നിയമന തീയതി മുതൽ അഞ്ച് വർഷത്തേയ്ക്ക്" എന്ന വാക്കുകൾ ചേർക്കുക" എന്ന 187-ാം നമ്പർ ഭേദഗതിയും ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച "ഖണ്ഡം 3(5)-ൽ "അതോറിറ്റിയുടെ ചെയർമാന്" എന്നതിനുശേഷം "സ്വന്തം കൈപ്പടയിലെഴുതി ഒപ്പിട്ട" എന്ന് ചേർക്കുക" എന്ന 192-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 162, ശ്രീ. എ.പി. അനിൽകുമാർ അവതരിപ്പിച്ച 164, ശ്രീ. ആർ. സെൽവരാജ് അവതരിപ്പിച്ച 187, ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 192 എന്നീ നമ്പർ ഭാദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 157, ശ്രീ. എം. മുരളി അവതരിപ്പിച്ച 184 എന്നീ നമ്പർ ഭേദഗതികൾ 23-നെതിരെ 55 വോട്ടുകളോടെയും ശ്രീ. ജി കാർത്തികേയൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി 22-നെതിരെ 60 വോട്ടുകളോടെയും സഭ നിരാകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 194, 195 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 196, 202, 213, 228 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 197–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 198–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ..കെ. കുട്ടി അഹമ്മദ് കുട്ടി: 203, 216, 219 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 204-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 205, 221 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 207, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 208–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 209–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ: 210, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: 217-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 222-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 223-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 225-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. കെ.സി. ജോസഫിന്റെ ഖണ്ഡം 4 (ഡി) താഴെപ്പറയുംപ്രകാരം മാറ്റുക

"(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക" എന്ന 201-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതി ആയി അവതരിപ്പിക്കുന്നു.

ശ്രീ. ജി കാർത്തികേയൻ അവതരിപ്പിച്ച "ഖണ്ഡം 4 (സി)-ൽ "പരിപാടികളും ആവിഷ്ക്കരിക്കുക" എന്നതിനു പകരം "പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കുക" എന്ന് ചേർക്കുക" എന്ന 196-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച "ഖണ്ഡം 4 (ഇ)-യിൽ "സുരക്ഷാ" എന്ന വാക്കിന് ശേഷം "ബോധവൽക്കരണ" എന്ന വാക്ക് കൂടി ചേർക്കുക" എന്ന 203-ാം നമ്പർ ഭേദഗതിയും "ഖണ്ഡം

4(എൽ)–ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുന:ക്രമീകരിക്കുകയും ചെയ്യുക:

"(എം) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകടസ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക" എന്ന 219–ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 203, 219 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 213–ാം നമ്പർ ഭേദഗതി 25 നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 4 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 229–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 230-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 231–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 232, 246 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: 233–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ: 234–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 235–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 237–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 239–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 240-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 245–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 247 –ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. കെ.സി.വേണുഗോപാൽ അവതരിപ്പിച്ച "ഖണ്ഡം 5(1) (ബി)

യിൽ “ട്രാൻസ്പോർട്ട് കമ്മീഷണർ” എന്ന വാക്കുകൾക്കു ശേഷം “അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ” എന്നു ചേർക്കുക" എന്ന 231-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബു അവതരിപ്പിച്ച "ഖണ്ഡം 5(1) (എഫ്) താഴെ പറയുന്ന പ്രകാരം മാറ്റുക:

“(എഫ്) ആരോഗ്യവകുപ്പ് ഡയറക്ടർ” എന്ന 232-ാം നമ്പർ ഭേദഗതിയും ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച ‘ഖണ്ഡം 5(1) (എഫ്)-ന് ശേഷം (ജി) ആയി താഴെ പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

“(ജി) നാഷണൽ ട്രാൻസ്പോർട്ടേഷൻ, പ്ളാനിംഗ് ആന്റ് റിസർച്ച് സെന്റർ ഡയറക്ടർ” എന്ന 234-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച "ഖണ്ഡം 5(1) (ജി) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

“സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി, മെമ്പർ സെക്രട്ടറി” എന്ന 237-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.സി. വേണുഗോപാൽ അവതരിപ്പിച്ച 231, ശ്രീ കെ.ബാബു അവതരിപ്പിച്ച 232, ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച 234, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 237 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്.

ശ്രീ. ജോർജ് മേഴ്സിയർ: 250–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 251–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 252–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 253–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 256–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 259, 265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു; 261, 267 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 260, 264 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 268–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച "ഖണ്ഡം 6(1) ൽ "എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ" എന്നതിനുശേഷം "ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെയോ" എന്ന് ചേർക്കുക" എന്ന 250-ാം നമ്പർ ഭേദഗതിയും ശ്രീ. എം. മുരളി അവതരിപ്പിച്ച "ഖണ്ഡം 6(2) ൽ "അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ അല്ലെങ്കിൽ" എന്നതിനു പകരം "അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ അദ്ദേഹത്തിന്റെയും അഭാവത്തിൽ" എന്ന് ചേർക്കുക" എന്ന 253-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച 250, ശ്രീ. എം. മുരളി അവതരിപ്പിച്ച 253 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരുമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്.

ശ്രീ. ജോർജ് മേഴ്സിയർ: 269-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 270-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്:

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്.

ശ്രീ. ജി. കാർത്തികേയൻ: 271-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച "ഖണ്ഡം 9-ൽ ഉപഖണ്ഡം (2) നീക്കം ചെയ്യുക" എന്ന 271-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. .

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്.

ശ്രീ. വി.എൻ. വാസവൻ: 273-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 275, 279, 288, 292, 295, 302 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 277, 278, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 280, 282 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 281-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 283 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 284 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ്: 291-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 297-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: 298-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച "ഖണ്ഡം 10 (1)-ൽ " ഒരു " എന്ന വാക്ക് നീക്കം ചെയ്യുക" എന്ന 275-ാം നമ്പർ ഭേദഗതിയും ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച "ഖണ്ഡം 10 (5)-ൽ " ഒരു തുക "

എന്നതിനുശേഷം "വീഴ്ച വരുത്തുന്ന ഓരോ വർഷത്തേയ്ക്കും" എന്ന വാക്കുകൾ ചേർക്കുക" എന്ന 291-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതിയും ശ്രീ. സി.എഫ്. തോമസ് അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 303-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 305-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 306-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 313 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 314-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച "ഖണ്ഡം 11 (1)-ൽ

"കഴിയാവുന്നത്ര വേഗം" എന്ന വാക്കുകൾക്ക് പകരം "ഒരു വർഷത്തിനുള്ളിൽ" എന്ന് ചേർക്കുക" എന്ന 305-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 315, 316, 318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 319-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 322, 334 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 327–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 328, 335 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 329–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: 330–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: 331–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജി.കാർത്തികേയൻ അവതരിപ്പിച്ച 335–ാം നമ്പർ ഭേദഗതി 22- നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 337-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 338, 346 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 340-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ : 344, 350 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ : 345-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. ഷാജു: 351-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച "ഖണ്ഡം 14(1)(ii)ൽ "മൃഗം" എന്നതിനുശേഷം "ഏതെങ്കിലും അംഗീകാരമുള്ള ഭരണസ്ഥാപനത്തിന്റെ അംഗീകാരമില്ലാതെ നിർമ്മിച്ചിട്ടുള്ള വസ്തു" എന്ന് ചേർക്കുക" എന്ന 337-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച "ഖണ്ഡം 14(1)(v)-ൽ "അതോറിറ്റിക്ക്" എന്നതിന് പകരം "റോഡ് സുരക്ഷാ കമ്മീഷണർക്ക്" എന്നാക്കുക" എന്ന 344-ാം നമ്പർ ഭേദഗതിയും "ഖണ്ഡം 14(ii)-ൽ "അതോറിറ്റിക്ക്" എന്നതിന് പകരം "റോഡ് സുരക്ഷാ

കമ്മീഷണർക്ക്" എന്നാക്കുക" എന്ന 350-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 344, 350 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതിചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 352--ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 354-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ : 355-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : ശ്രീ. ടി. എൻ. പ്രതാപന്റെ "ഖണ്ഡം 15(1)-ൽ "ബന്ധപ്പെട്ട ഓരോ വകുപ്പും" എന്നീ വാക്കുകൾക്കു പകരം "സർക്കാരിന്റെ ബന്ധപ്പെട്ട ഓരോ വകുപ്പും" എന്ന് ചേർക്കുക" എന്ന 353-ാം നമ്പർ ഭേദഗതി

വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച "ഖണ്ഡം 15(1)–ൽ "അത് കരുതാവുന്ന" എന്നീ വാക്കുകൾക്ക് പകരം "കരുതുന്ന" എന്ന വാക്ക് ചേർക്കുക" എന്ന 352-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച "ഖണ്ഡം 15(1)–ന്റെ നിലവിലുള്ള ക്ളിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ളിപ്തനിബന്ധന കൂടി ചേർക്കുക".

"എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിൽ അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി മുൻകൂട്ടി കൂടി യാലോചന നടത്താതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല" എന്ന 354-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. 355-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 352–ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 354–ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 355–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള **15-**ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള **15-**ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

ശ്രീ. കെ. ബാബു: 357-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 358-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച "ഖണ്ഡം 16-ൽ "അതിന്റെ ചെലവ്" എന്നതിനുശേഷം "നിയമാനുസൃതമായ പലിശ സഹിതം" എന്നീ വാക്കുകൾ കൂടി ചേർക്കുക" എന്ന 358-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 357-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള **16-**ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17- ാം വകുപ്പ്

ശ്രീ. ജി. കാർത്തികേയൻ: 360-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച "ഖണ്ഡം 17-ൽ "പൊതു" എന്ന വാക്ക് ഒഴിവാക്കുക" എന്ന 360-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള **17**-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള **17**-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: 361-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 362-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: 363, 368 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: 364-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ആർ. സെൽവരാജ്:</u> 366-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> 367-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> 369-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.എൻ.വാസവൻ:</u> 371-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്):</u> ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച "ഖണ്ഡം 19(2)(ഇ)ക്കുശേഷം "(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന റോഡ് സുരക്ഷാ രംഗത്തെ ഒരു വിദഗ്ദ്ധൻ" എന്ന് ചേർക്കുക" എന്ന 368-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>**20--ാം വകുപ്പ്**</u>

<u>ശ്രീ. ജി. കാർത്തികേയൻ:</u> 377-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 378-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 379--ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 380-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി 22-നെതിരെ 61 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികളും നിരാകരിക്കപ്പെട്ടു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

ശ്രീ. എം. ചന്ദ്രൻ: 381-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

ശ്രീ. എ.പി.അനിൽകുമാർ: 384--ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 385–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി.സതീശൻ: 386–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി: 387–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ശ്രീ. കെ.സി.വേണുഗോപാൽ അവതരിപ്പിച്ച “ഖണ്ഡം 24(1)-ൽ

“സത്യവും” എന്ന വാക്ക് ഒഴിവാക്കുക” എന്ന 385–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച “ഖണ്ഡം 24(1)--ൽ “സർക്കാർ ഉത്തരവുമൂലം വിനിർദ്ദേശിക്കാവുന്ന തീയതിക്കു മുമ്പായി” എന്നീ വാക്കുകൾ ഒഴിവാക്കുക” എന്ന 386-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി  അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 385,  ശ്രീ. വി.ഡി. സതീശൻ  അവതരിപ്പിച്ച 386 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി അവതരിപ്പിച്ച 387–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള  24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള  24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 25-ാം വകുപ്പ്

ശ്രീ. ജോർജ് മേഴ്സിയർ:  388-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):  ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച “ഖണ്ഡം 25(4)-ൽ “റിപ്പോർട്ടിനനുസൃതമായി”  എന്ന വാക്കിന് പകരം “റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ” എന്നു ചേർക്കുക” എന്ന 388-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച 388–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 391–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 392–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 395–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: 396-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ .സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 397-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: 400–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു. .

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): "ഖണ്ഡം 27-ൽ "മൂന്നു വർഷക്കാലത്തേയ്ക്കുള്ള തടവിനോ അല്ലെങ്കിൽ അയ്യായിരം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ" എന്നതിനു പകരം "പരമാവധി 3 വർഷക്കാലം തടവിനോ 5000 രൂപ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ" എന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 404-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: 405-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 406-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 409-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 411-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 27--ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 29-ാം വകുപ്പ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 412-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 30-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: 413-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 416-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: 417-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി ഭാഗികമായി സ്വീകരിച്ചുകൊണ്ട് "ഖണ്ഡം 30 (1)-ൽ "സർക്കാർ നിയമിച്ചേക്കാവുന്ന" എന്നതിനുപകരം "ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത പദവിയിലുള്ള ആളോ പദവി വഹിച്ചിരുന്ന ആളോ ചെയർമാനായി" എന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 30--ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 31-ാം വകുപ്പ്

ശ്രീ. എ.സി. മൊയ്തീൻ: 420-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: 422-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 423-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച "ഖണ്ഡം 31-ൽ "സർക്കാർ കാണുന്നപക്ഷം" എന്നതിനുശേഷം "ബന്ധപ്പെട്ടവരെ കേൾക്കുന്നതിനുള്ള ഒരവസരം നൽകിയശേഷം എന്ന് ചേർക്കുക" എന്ന 422-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോർജ് മേഴ്സിയർ അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 32 മുതൽ 38 വരെയുള്ള വകുപ്പുകൾ

32 മുതൽ 38 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32 മുതൽ 38 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി. .

## 39-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 426-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി.തോമസ്): "ഖണ്ഡം 39-ൽ "എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയോ" എന്ന വാക്കുകൾക്കുശേഷം "ജില്ലാ റോഡു സുരക്ഷാ കൗൺസിലിന്റെയോ" എന്നു ചേർക്കുക" എന്ന ശ്രീ. കെ.സി.ജോസഫിന്റെ 427-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു. ശ്രീ.കെ.സി. വേണുഗോപാൽ അവതരിപ്പിച്ച, "ഖണ്ഡം 39-ന്റെ പ്രരംഭത്തിൽ "സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി" എന്ന വാക്കുകൾ ചേർക്കുക" എന്ന 426-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ.സി.വേണുഗോപാൽ അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 40-ാം വകുപ്പ്

ശ്രീ. ജി. കാർത്തികേയൻ: 428–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 41–ാം വകുപ്പ്

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പട്ടിക

ശ്രീ. വി.എൻ. വാസവൻ: 429-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.കെ.പി. പത്മനാഭൻ: 432-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 433–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 434–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ജി. കാർത്തികേയൻ: 107-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 108, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി.വേണുഗോപാൽ: 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 113-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരകാരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി. തോമസ്): 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2007-ലെ കേരള ധനവിനിയോഗ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2007-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## പ്രസ്താവന

ബഡ്ജറ്റിലെ വർഷാന്ത്യ രൊക്ക ബാക്കിയിൽ വന്ന വ്യത്യാസം

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 14-03-2007–ൽ സഭാതലത്തിൽ ബഡ്ജറ്റ് പ്രസംഗം സംബന്ധിച്ച ചർച്ചകൾക്ക് മറുപടി പറയവെ 28.94 കോടി രൂപയുടെ അധികച്ചെലവ് കൂടി പ്രഖ്യാപിച്ചു. ഇതു കൂടി കണക്കിലെടുക്കുമ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് ബഡ്ജറ്റ് പ്രസംഗ

ത്തിൽ 219-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന 212.13 കോടി രൂപയിൽ നിന്നും 241.07 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. തൻമൂലം ഇതേ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വർഷാന്ത്യ രൊക്ക ബാക്കി 522.13 കോടി രൂപ എന്നത് 551.07 കോടി രൂപയായി മാറുന്നതാണ്.

## ക്രമപ്രശ്നം

സഭയിൽ കൃത്യമായ കണക്കുകൾ ഹാജരാക്കാതെ പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്

ശ്രീ. വി.ഡി. സതീശൻ: ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ പ്രഖ്യാപനങ്ങൾ സഭയിൽ നടത്തിയത് സംബന്ധിച്ച് കണക്കുകളുടെ കൃത്യമായ സ്റ്റേറ്റ്മെന്റ് സഭയിൽ ഹാജരാക്കാതിരിക്കുകയും ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് മന്ത്രിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും ചേർന്ന് പത്രസമ്മേളനം വിളിച്ച് ചേർത്ത് അത്തരത്തിലുള്ള കണക്ക് സഭയിൽ ഹാജരാക്കേണ്ടതില്ലെന്നുള്ള പ്രസ്താവന നടത്തുകയും ചെയ്തത് ശരിയല്ല.

## റൂളിംഗ്

മി. സ്പീക്കർ: ഫൈനൽ സ്റ്റേറ്റ്മെന്റ് ഹാജരാക്കുകയോ ഹാജരാക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്.

## നിയമനിർമ്മാണ കാര്യം (തുടർച്ച)

പ്രൊഫ. എൻ. ജയരാജ്: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച പല പദ്ധതികളും പൂർത്തിയാക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുമെന്ന് ബഡ്ജറ്റിലൂടെ ഉറപ്പു നൽകിയെങ്കിലും അത്

പാലിക്കപ്പെട്ടിട്ടില്ല. പി.ഡബ്ളി.യു.ഡി. കാര്യക്ഷമതയില്ലാത്ത വകുപ്പായി തുടരുകയാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവർക്ക് പലപ്പോഴും അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയാണ് നിലവിലുളളത്. അവർക്ക് അനുവദിക്കപ്പെട്ട തുക പൂർണ്ണമായും വിനിയോഗിക്കുന്നില്ല. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കണക്കനുസരിച്ച് പൊതു/ആളോഹരി കടം എന്നിവയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. മൂല്യാധിഷ്ഠിത നികുതി പിരിവിലൂടെ റവന്യൂ വരുമാനം കൂട്ടാൻ സാധിക്കുമെന്ന പ്രഖ്യാപനത്തിനൊത്ത് ഉയരാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. 800 കോടി രൂപയോളമുള്ള വിൽപ്പന നികുതി പിരിച്ചെടുക്കുന്നതിന് യാതൊരുവിധ നിയമനടപടിയും സ്വീകരിച്ചില്ല. കഴിഞ്ഞ വർഷം പദ്ധതിയിനങ്ങൾക്കായി ആകെ ചെലവഴിച്ചത് 25 ശതമാനം തുക മാത്രമാണ്. കാർഷിക മേഖലയ്ക്കുള്ള പദ്ധതികൾ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ മാത്രമായി ഒതുങ്ങി.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനം തികച്ചും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നതെങ്കിലും ജനോപകാരപ്രദമായ പല കാര്യങ്ങളും ചെയ്യാൻ സാധിച്ചിട്ടുണ്ട് തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ കൊടുക്കുന്നതിന് കാലാകാലങ്ങളിൽ യുക്തമായ നടപടികളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചുപോന്നിട്ടുള്ളത്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുടങ്ങിയതും സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന് തുടക്കം കുറിച്ചതും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവണ്മെന്റ് കർഷകത്തൊഴിലാളി പെൻഷൻ പത്ത് രൂപയും വികലാംഗ പെൻഷൻ 20 രൂപയും വർദ്ധിപ്പിക്കാൻ തയ്യാറായി. യു.ഡി.ഫ്. ഗവണ്മെന്റ് കുടിശ്ശിക വരുത്തിവച്ച ക്ഷേമ പെൻഷനുകൾ കൊടുത്തുതീർക്കാനുള്ള തീരുമാനമെടുത്തത് ഈ ഗവണ്മെന്റാണ്. വൈദ്യുതി രംഗത്തും ഈ ഗവണ്മെന്റ് വലിയ മാറ്റങ്ങൾ വരുത്തി. 2001–ലെ യു.ഡി.എഫ്. ഗവണ്മെന്റ് കടബാധ്യതയുടെ പേരുപറഞ്ഞ് കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടേയും അവകാശങ്ങൾ കവർന്നെടുക്കുക മാത്രമല്ല,. സർക്കാർ ജീവനക്കാരുടെ ശംപളവും മറ്റ് അലവൻസുകളും കുറയ്ക്കുകയും ചെയ്തു. എന്നാൽ അതിന്റെ ഇരട്ടി കടവുമായി വന്ന എൽ.ഡി.എഫ്. ഗവണ്മെന്റ് ഒരു വിഭാഗത്തിന്റെയും അവകാശങ്ങൾ കവർന്നെടുത്തിട്ടില്ല. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ 20 ലക്ഷം രൂപ ഓരോ നിയോജകമണ്ഡലം എം.എൽ.എ.യ്ക്കും കൊടുത്തു. കേരളത്തിന്റെ വികസനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സമസ്ത ജനവിഭാഗങ്ങൾക്കും അനുകൂലമായ സമീപനമെടുക്കാൻ ഈ ബഡ്ജറ്റിലൂടെ സാധിച്ചിട്ടുണ്ട്. ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു ബഡ്ജറ്റാണിത്. നികുതിപിരിവ് വർദ്ധിപ്പിക്കുകയും ഓരോ മേഖലയേയും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുകയും ചെയ്യുന്ന ഒരു ഗവണ്മെന്റാണിത്. വരും കാലഘട്ടങ്ങളിൽ കേരളത്തെ സംരക്ഷിക്കാൻ ഈ ബഡ്ജറ്റ് ഉപകരിക്കും.

ശ്രീ. ബാബു പോൾ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾക്ക് കീഴടങ്ങാതെ യു.ഡി.എഫും,

എൽ.ഡി.എഫും രണ്ടാണെന്ന് ബോധ്യപ്പെടുത്തുന്ന നയങ്ങളാണ് ഈ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ധനസ്ഥിതിയും സാധ്യതകളും വികസന ആവശ്യകതയും യാഥാർത്ഥ്യബോധത്തോടുകൂടി വിലയിരുത്തി ധനവിനിയോഗം നടപ്പിലാക്കാൻ ഈ ഗവണ്മെന്റിനു മാത്രമേ കഴിയൂ. യു.ഡി.എഫ് ഗവണ്മെന്റിന്റെ ധനകാര്യ മാനേജുമെന്റും കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനത്ത് ധനക്കമ്മിയും റവന്യൂക്കമ്മിയും വർദ്ധിക്കുകയാണ് ചെയ്തത്. തിരിച്ചടയ്ക്കാൻ കഴിയാത്തവിധത്തിലുള്ള കടബാധ്യത കഴിഞ്ഞ ഗവണ്മെന്റ് വരുത്തിവച്ചിരിക്കുകയാണ്. അത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ തെറ്റായ ധനകാര്യ മാനേജുമെന്റിനെയാണ് കാണിക്കുന്നത്. എന്നാൽ മാതൃകാപരമായ ഒരു സാമ്പത്തിക മാനേജുമെന്റിലൂടെ 2010-2011 വർഷത്തോടെ കമ്മി പൂർണ്ണമായും നിയന്ത്രണവിധേയമാക്കാനുള്ള നടപടികളാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അധികവിഭവ സമാഹരണത്തിനായി പുതിയ സ്രോതസ്സുകൾ ഈ ഗവണ്മെന്റ് കണ്ടെത്തുകയാണ്. നികുതിപിരിവിന്റെ ചെലവും നികുതി വരുമാനവും തമ്മിലുള്ള അനുപാതം ഒരു ശതമാനമായി വർദ്ധിപ്പിക്കും എന്നുള്ള പ്രഖ്യാപനം നല്ലതാണ്. കേരളത്തിലെ പാവപ്പെട്ടവരുടേയും കർഷകരുടേയും ജീവിതം പ്രകാശപൂരിതമാക്കുന്ന കെടാവിളക്കാണ് ഈ ഗവണ്മെന്റിന്റെ വികസന അജണ്ട. പൊതുമേഖലയുടെ സംരക്ഷണവും പുനരുദ്ധാരണവും ക്ഷേമനിധികളെ ശക്തിപ്പെടുത്തലും വിലക്കയറ്റം തടയാനുള്ള സർക്കാർ ഇടപെടലും ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആരോഗ്യ സുരക്ഷാ പദ്ധതിമൂലം സർക്കാർ ആശുപത്രികളിൽ സൗജന്യചികിൽസയാണ്

ഉറപ്പുവരുത്തുന്നത്. സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ ഗവണ്മെന്റ് നടപടി സ്വീകരിച്ചു. വിദ്യാഭ്യാസ മേഖലയിലും വലിയ മാറ്റങ്ങൾ വരുത്തുകയുണ്ടായി. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പുതിയ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. കാർഷിക-വ്യാവസായിക മേഖലകളിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മ പരിഹരിക്കാനും ചെറുപ്പക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ശ്രമിച്ചു. സമഗ്ര പരിഷ്ക്കാരങ്ങളിലൂടെ പൊതുമരാമത്ത് വകുപ്പിലെ അരാജകത്വവും അഴിമതിയും അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയാണ്. സഹകരണ മേഖലയിലെ മിച്ചനിക്ഷേപം ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി പരമാവധി പ്രയോജനപ്പെടുത്തണം. എറണാകുളം, വൈപ്പിൻ പാലങ്ങളുടെ ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള നിർമ്മാണത്തിൽ സഹകരണ മേഖല വഹിച്ച പങ്ക് സ്വാഗതാർഹമാണ്. ഈ ഗവണ്മെന്റ് വളർത്തിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പുതിയ വികസന സംസ്ക്കാരം ഇൻഡ്യയ്ക്കാകെത്തന്നെ മാതൃകയാണ്.

ശ്രീ. എം.കെ. പ്രേംനാഥ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പാവപ്പെട്ടവർക്കും പിന്നോക്കവിഭാഗക്കാർക്കും ഈ ഗവണ്മെന്റ് ധാരാളം ആനുകൂല്യങ്ങൾ അനുവദിച്ചു. കാർഷികമേഖലയിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കർഷക കടാശ്വാസ നിയമം നടപ്പാക്കാൻ നടപടി എടുത്തു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനുമുള്ള നടപടികളാണ് ഗവണ്മെന്റ്

സ്വീകരിച്ചിട്ടുള്ളത്. പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന നികുതി നയമല്ല ഈ ഗവണ്മെന്റിന്റേത്. മൽസ്യത്തൊഴിലാളികൾക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഈ ഗവണ്മെന്റ് സഹായങ്ങൾ ചെയ്തിട്ടുണ്ട്. വികലാംഗരുടേയും കർഷകത്തൊഴിലാളികളുടേയും പെൻഷൻ വർദ്ധിപ്പിച്ചു. വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ വളരെയധികം സ്വാഗതാർഹമാണ്. ഹൈസ്ക്കൂളിലെ കുട്ടികൾക്ക് സൗജന്യ ഉച്ചഭക്ഷണം കൊടുക്കുന്നതിനും ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കു ന്നതിനുമുള്ള നടപടിയും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. കമ്മി നികത്തുന്നതിന് ധാരാളം പരിപാടികൾ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുണ്ട്. സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്തതു സംബന്ധിച്ച് അന്വേഷിക്കാൻ മന്ത്രിസഭ തീരുമാനിച്ചത് നല്ല കാര്യമാണ്.

<u>ശ്രീ. യു. സി. രാമൻ</u>: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. സ്ഥലമെടുപ്പ് നടന്നു കൊണ്ടിരിക്കുന്ന പെരുമണ്ണ ബൈപാസ്സിന്റെ പണി പൂർത്തീകരിക്കുന്നതിന് കൂടുതൽ തുക അനുവദിക്കണം. സംസ്ഥാനത്ത് കർഷക ആത്മഹത്യ തുടർന്നുകൊണ്ടിരിക്കുന്നു. മാഫിയ സിൻഡിക്കേറ്റാണ് സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ മേഖലകളും തകർന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ കാര്യം നോക്കിയാൽ ചോദ്യപ്പേപ്പറുകൾ മാത്രമല്ല, കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ ഉത്തരപ്പേപ്പറും ചോർന്നുകൊണ്ടിരിക്കുന്നുവെന്നാണ് അറിയുന്നത്. എല്ലാ വിഭാഗം ജനങ്ങളേയും തകർച്ചയിലേയ്ക്ക് നയിക്കുന്ന ഗവണ്മെന്റായി സംസ്ഥാന ഗവണ്മെന്റ് മാറിയിരിക്കുന്നു.

<u>ശ്രീ. ആർ. സെൽവരാജ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. മുൻ ഗവൺമെന്റുകളിൽ നിന്നു വ്യത്യസ്തമായി കേരള

ത്തിലെ കാർഷിക മേഖലയിലെ തകർച്ചയ്ക്ക് പരിഹാരം കാണാനാണ് ഈ ഗവണ്മെന്റ് ആദ്യം തയ്യാറായത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കടക്കെണിയിൽപ്പെട്ട് മരിച്ച കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കാനും കാർഷിക കടങ്ങൾ എഴുതിത്തള്ളാനും ഈ ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചു. കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. കർഷക കടാശ്വാസ നിയമം വഴി കൃഷിക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ പദ്ധതികൾ നടപ്പിലാക്കി. ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനും പാൽ ഉൽപ്പാദനം സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി. പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടച്ചുപൂട്ടാൻ തീരുമാനിച്ച മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ തുറക്കുകയും ഉൽപ്പാദനമാരംഭിക്കുകയും ചെയ്തു. കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ ഉൽപ്പാദനം പുനരാരംഭിച്ച് വൈദ്യുതി ബോർഡിന് ആവശ്യമായ മീറ്ററുകൾ പ്രസ്തുത കമ്പനിയിൽ നിന്നും വാങ്ങാൻ തീരുമാനിച്ചു. തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചു. ഇതിനകം സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ലാഭത്തിലുള്ള കമ്പനികളുടെ എണ്ണം ഉയർത്താൻ കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി സ്വകാര്യ മേഖലയ്ക്ക് വിൽക്കുകയില്ലെന്ന് തീരുമാനിച്ചു. കോഴിക്കോട് സ്റ്റീൽ കോംപ്ളക്സ് പുനരുദ്ധരിക്കുവാൻ തീരുമാനിച്ചു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് പുതിയ സ്റ്റീൽ പ്ളാന്റ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടി

രിക്കുന്നു. വ്യാവസായിക മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗവണ്മെന്റ് മുൻതൂക്കം കൊടുത്തിരിക്കുന്നു. കയർ, കൈത്തറി മേഖലകളെ പുനരുദ്ധരിക്കാൻ ഭാവനാപൂർണ്ണമായ പരിപാടികൾ വ്യവസായ വകുപ്പ് നടപ്പിലാക്കുന്നു. സ്കൂൾ കുട്ടികൾ കൈത്തറി യൂണിഫോം ധരിക്കണമെന്നും ആഴ്ചയിൽ ഒരു ദിവസം സർക്കാർ ജീവനക്കാർ കൈത്തറി വസ്ത്രം ധരിക്കണമെന്നും അഭ്യർത്ഥിച്ചതിന് നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്. കൈത്തറി വിൽപ്പനയിൽ അടുത്തവർഷം 50 കോടി രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. കൈത്തറി മേഖലയിൽ കൂടുതൽ ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. 'സിൽക്കു'മായി സഹകരിച്ച് ചേർത്തലയിൽ റെയിൽവേ ബോഗി നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ പോകുന്നു. കേന്ദ്ര സഹായത്തോടെ ഇടുക്കിയിൽ സ്പൈസസ് പാർക്ക്, വയനാട്ടിൽ ഫുഡ് പാർക്ക്, തിരുവനന്തപുരത്ത് ടെലികോം സിറ്റി എന്നിവ സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പാലക്കാട് ടെക്സ്റ്റൈൽ പാർക്ക്, എറണാകുളത്ത് സ്വകാര്യമേഖലയിൽ ഹൈടെക്ക് സിറ്റി, എറണാകുളത്തിനും കോട്ടയത്തിനും ഇടയ്ക്ക് ഇലക്ട്രോണിക് ഹബ്ബ്, ടൈറ്റാനിയം മേഖലയിൽ വ്യവസായ ശൃംഖല, പൊതുമേഖലയിൽ ടൈറ്റാനിയം കോംപ്ളക്സ്, അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രത്യേക കമ്പനി, വിദേശ മലയാളികളുടെ പങ്കാളിത്തത്തോടുകൂടി വ്യവസായ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു പുതിയ വ്യവസായ നയമാണ് ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ലോക്കപ്പ് മർദ്ദനം, ഉരുട്ടിക്കൊല, വ്യാപാര സ്ഥാപനങ്ങളിലും ഫാക്ടറികളിലും കവർച്ച, വർഗ്ഗീയ കലാപങ്ങൾ എന്നിവ കഴിഞ്ഞ ഗവണ്മെന്റിന്റെ

കാലത്ത് നിത്യസംഭവങ്ങളായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നശേഷം എട്ട് തീരദേശ പോലീസ് സ്റ്റേഷനുകളും 136 പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടറും സ്ഥാപിച്ചിട്ടുണ്ട്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കമ്മ്യൂണിറ്റി പോലീസും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ പോലീസ് കമ്മീഷണറേറ്റും സ്ഥാപിച്ചു. തിരുവനന്തപുരത്ത് സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചു. വനിതാ പോലീസുകാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ക്രമസമാധാന പരിപാലനം നിയന്ത്രിക്കുന്നതിനും 800 പേർക്ക് സ്കൂട്ടർ വാങ്ങിക്കൊടുക്കുന്നതിനും തീരുമാനിച്ചു. ഹൈവേ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു. കൊലപാതകം, കൂലിത്തല്ല് എന്നിവയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ സാധിച്ചു. പ്രകൃതി ദുരന്തം നേരിടുന്നതിന് പോലീസിന് പ്രത്യേക പരിശീലനം നൽകാനും പുതിയ പോലീസ് സ്റ്റേഷനുകൾ വിവിധ തലങ്ങളിൽ ആരംഭിക്കുന്നതിനും ആന്റി നർക്കോട്ടിക് ആക്ഷൻ ഫോഴ്സിന് രൂപം നൽകാനും ഈ ഗവൺമെന്റ് തീരുമാനമെടുത്തു..

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ഗവൺമെന്റാണിത്. പല പരീക്ഷകളുടേയും ചോദ്യപ്പേപ്പർ ചോരുന്നത് നിത്യ സംഭവമായി മാറുന്നു. ലാഘവബുദ്ധിയോടെയാണ് ഗവൺമെന്റ് അതിനെ സമീപിക്കുന്നത്. 9.2 ശതമാനം സാമ്പത്തിക വളർച്ചയുമായി രാജ്യം മുന്നോട്ടുപോവുകയാണ്. ഈ സാമ്പത്തിക വളർച്ചയിലെ വർദ്ധനവ് കൊണ്ടാണ് ഇവിടെ N.R.E.G.P

(National Rural Employment Guarantee Programme)-യും N.R.H.M.-ഉം (National Rural Health Mission) ജവഹർലാൽ നെഹ്രു നാഷണൽ അർബൻ റിന്യൂവൽ പദ്ധതിയും നടപ്പാക്കാൻ സാധിച്ചത്. ഒന്നരക്കോടി രൂപ ഹയർ എഡ്യൂക്കേഷൻ കൗൺസിലിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ മൂന്നിലൊന്ന് ഭാഗവും നടക്കുന്ന കേരളത്തിലുള്ള അയ്യായിരത്തോളം പാരലൽ കോളേജുകളുടെ കാര്യത്തിൽ ഗവൺമെന്റിന് ശ്രദ്ധയുണ്ടാകണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റ് 500 ഐ.ടി.ഐ.കൾ നവീകരിക്കാനും 300 ഐ.ടി.ഐ.കൾ സെന്റർ ഓഫ് എക്സലൻസാക്കാനും തീരുമാനിച്ചതിനെ.സ്വാഗതം ചെയ്യുന്നു. പട്ടികജാതി വിഭാഗത്തിൽ മുൻ കാലങ്ങളേക്കാൾ പത്തിരട്ടി എഞ്ചിനീയർമാരേയും മൂന്നിരട്ടി ഡോക്ടർമാരേയും പുറത്തിറക്കാൻ യു.ഡി.എഫ്. ഗവണ്മെന്റിന് സാധിച്ചുവെങ്കിൽ ഈ ഗവൺമെന്റിന് ഒരാളെപ്പോലും കൊണ്ടുവരാനായില്ല. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അവകാശങ്ങൾപോലും സുപ്രീംകോടതിയുടെ ദയാദാക്ഷിണ്യത്തിനുവേണ്ടി വിട്ട സമീപനമാണ് വിദ്യാഭ്യാസ മേഖലയിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ: തോമസ് ഐസക്</u>): 2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ധനവിനിയോഗ ബില്ലിൽ അനിവാര്യമായിട്ട് വേണ്ടിയിരുന്ന തോന്നയ്ക്കൽ ആശാൻ സ്മാരക ഗ്രാന്റ്, ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിക്കുള്ള തുകയുടെ ഭാഗം, പൊന്നാനി ഹാർബറിനുള്ള തുക തുടങ്ങിയ ഇനങ്ങൾ വിട്ടുപോയി. അത് ഈ വർഷം നൽകാനുള്ള ഏർപ്പാടുണ്ടാക്കും. പായകൊണ്ടുള്ള ഉൽപ്പന്നങ്ങളുടെമേലുള്ള

നികുതി, കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പിന്റെ സീലിംഗ് ഇതെല്ലാം ഫൈനാൻസ് ബിൽ പരിഗണിക്കുമ്പോൾ കൈകാര്യം ചെയ്യുന്നതാണ്. സാമ്പത്തിക വർഷാവസാനത്തിൽ പഞ്ചായത്തുകൾ ബഡ്ജറ്റ് വിഹിതം അഡ്വാൻസായി പിൻവലിച്ച് മറ്റ് അക്കൗണ്ടിൽ ഇടുന്ന രീതി കർശനമായി തടയുന്നതാണ്. പഞ്ചായത്തുകളും കുടുംബശ്രീയും കടുത്ത സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വർക്കുകൾ ഏറ്റെടുത്ത് ചെയ്യാനുള്ള അവകാശവും പ്രാപ്തിയുമില്ലാത്തിനാൽ സർക്കാരിന്റെ ഏജൻസികൾ മുഖേനയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യാനുള്ള അനുവാദം മുൻകാലങ്ങളിലുള്ളതാണ്. മറ്റ് അക്കൗണ്ടുകൾ ഒന്നും പാടില്ല എന്നുള്ള സർക്കുലർ തിരിച്ചയച്ചതിനെക്കുറിച്ച് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത സ്ക്കീമുകൾക്കുവേണ്ടി 20 ശതമാനം പണം ക്യാരി ഓവർ ചെയ്യുന്നതിന് അവകാശമുണ്ട്. ആ തുക മാർച്ച് 31-നകം ചെലവഴിക്കണം. കാസർകോട് ജില്ലയ്ക്ക് ഓരോ മണ്ഡലത്തിലും ഓരോ വർക്കെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ അധിക വർക്കുകൾ ചെയ്യുന്നതിനുവേണ്ടി മൂന്ന് കോടി രൂപ അനുവദിക്കുന്നു. ധനവനിയോഗബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള ധനവനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## പട്ടിക.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും..

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2007-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിൻതാങ്ങുന്നു.

2007-ലെ കേരള ധനവനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 25-നെതിരെ 72 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.22-ന് പിരിഞ്ഞു.

**********************************